I.ഇ.ബി. XIIകേരള നിയമസഭ/XI-8

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 1, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

ശ്രദ്ധ ക്ഷണിക്കൽ

(1) അന്താരാഷ്ട്ര നിലവാരമുള്ള ചലച്ചിത്ര പ്രദർശനത്തിന് സ്ഥിരം വേദി

ശ്രീ. പി.സി. വിഷ്ണുനാഥ്: ലോകോത്തര സിനിമാരംഗത്ത് ശ്രദ്ധേയമായ നിരവധി ചലച്ചിത്രകാരൻമാരെ സംഭാവന ചെയ്ത മേഖലയാണ് മലയാള സിനിമ. ഇന്ന് നല്ല സിനിമകൾ കാണുന്നതിനുള്ള ഏകവേദി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവം മാത്രമാണ്. നല്ല സിനിമകൾക്കുള്ള അവസരം പരിമിതപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഒരു സ്ഥിരം വേദിയുണ്ടാക്കണം. മഹാരാഷ്ട്ര സർക്കാർ അവരുടെ ചലച്ചിത്ര നയത്തിന്റെ ഭാഗമായി പുതിയ മൾട്ടിപ്ലക്സുകളെ ചില വ്യവസ്ഥകൾക്കനുസൃതമായി 5 വർഷത്തേയ്ക്ക് പരിപൂർണ്ണമായി എല്ലാ നികുതിയിൽനിന്നും ഒഴിവാക്കുന്ന സ്ഥിതിയുണ്ട്. സർക്കാരിന്റെ തിയേറ്ററുകൾ നല്ല സിനിമകളുടെ

സ്ഥിരം വേദിയാക്കാനുള്ള നടപടി ഉണ്ടാകണം. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചലച്ചിത്രനിർമ്മാണത്തിന് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കണം. പ്രാദേശികമായി ചലച്ചിത്രമേളകൾ സംഘടിപ്പി ക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും പൂർണ്ണ പിന്തുണയുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): അന്താരാഷ്ട്ര നിലവാരമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിനു വേണ്ടി കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കേരള ചലച്ചിത്ര അക്കാഡമി മുഖേന കോഴിക്കോട് സ്ഥിരം വേദിയായുള്ള യൂറോപ്യൻ യൂണിയൻ ചലച്ചിത്രോത്സവത്തിലൂടെ ഓരോ വർഷവും മികച്ച സിനിമകൾ പ്രദർശിപ്പിക്കുന്നുണ്ട്. ഇന്ത്യൻ സിനിമകളെ കേന്ദ്രീകരിച്ചുള്ള ദേശീയ ചലച്ചിത്രോത്സവം എല്ലാ വർഷവും വിജയകര മായി സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചലച്ചിത്ര അക്കാഡമി ഫിലിം സൊസൈറ്റികളുടെ സഹകരണത്തോടുകൂടി കേരളത്തിലെ ഗ്രാമങ്ങളിലടക്കം സഞ്ചരിക്കുന്ന ചലച്ചിത്രമേളയിലൂടെ എണ്ണമറ്റ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കു ന്നുണ്ട്. സർവ്വശിക്ഷാ അഭിയാനുമായി ചേർന്നുകൊണ്ട് അദ്ധ്യാപകർക്കും ശിശുക്ഷേമ സമിതിയുമായി ചേർന്നുകൊണ്ട് കുട്ടികൾക്കും ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് ഒരേസമയം മികച്ച ചലച്ചിത്ര ങ്ങളുടെ പ്രദർശനത്തിനും ആസ്വാദനത്തിനും പഠനത്തിനും സഹായകമായി മാറിയിട്ടുണ്ട്. വനിതകൾക്കായുള്ള ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ ഈ രംഗത്തെ പുതിയ കാൽവയ്പ്പാണ്. അന്താരാഷ്ട്ര ഹ്രസ്വ ഡോക്കുമെന്ററി ഫിലിം ഫെസ്റ്റിവൽ സർക്കാർ മുൻകയ്യെടുത്ത് നടത്തി. മൂവായിരത്തോളം ചലച്ചിത്രങ്ങളുടെ ഡി.വി.ഡി. ശേഖരം ചലച്ചിത്ര അക്കാഡമിക്കുണ്ട്. അക്കാഡമിയിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ചലച്ചിത്രം കാണാനുള്ള

സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ലോക ക്ലാസ്സിക് സിനിമകൾ ഉൾപ്പെടെ കാണുന്നതിനുള്ള അവസരമൊരുക്കാൻ ആഴ്ചയിൽ ഒരു സിനിമ വീതം സ്ഥിരം വേദിയിൽ പ്രദർശിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വർഷം ആഗസ്റ്റ് മാസം മുതൽ ഈ സംരംഭം ആരംഭിക്കാൻ കഴിയും. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനുള്ള ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രോസ്സസ് നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും മലയാള സിനിമയുടെ ആർക്കീവ്സും സ്ഥാപിക്കാനും വീഡിയോ പാർക്ക് ആരംഭിക്കാനുമുള്ള പ്രവർത്തനങ്ങൾ തുടങ്ങി. മൾട്ടിഫ്ളക്സുകളുടെ കാര്യം ധനകാര്യം, ടൂറിസം, വ്യവസായം എന്നീ വകുപ്പുകളുമായി ചർച്ച ചെയ്യുന്നതാണ്. സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ചലച്ചിത്രനിർമ്മാണത്തിനുള്ള സബ്സിഡി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. പ്രാദേശിക തലത്തിൽ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നൽകുന്നതാണ്.

(2) <u>റെയിൽവേ വികസന പദ്ധതികൾ ത്വരിതപ്പെടുത്തൽ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : കേരളത്തിന്റെ റെയിൽവേ വികസനം ത്വരിതപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. കേരളത്തിന് ഒരു റെയിൽവേ സോൺ എന്ന വിഷയം ഇപ്പോൾ വ്യാപകമായി ചർച്ച ചെയ്തുവരികയാണ്. പാലക്കാട് ഡിവിഷനിൽപ്പെട്ട മംഗലാപുരം കൊങ്കൺ ഡിവിഷന്റെ ഭാഗമാക്കാൻ കർണ്ണാടക ഗവൺമെന്റ് അതിശക്തമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ സംഭവിച്ചാൽ പാലക്കാട് ഡിവിഷൻ ദുർബ്ബലമാകും. സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് രാഷ്ട്രീയ പാർട്ടികളുടേയും ബഹുജന പ്രസ്ഥാനങ്ങളുടേയും നേതൃത്വത്തിൽ

ഈ നീക്കത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. മലബാർ മേഖലയിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് എക്സ്പ്രസ്സ് ട്രെയിനുകളിലും പാസഞ്ചർ ട്രെയിനുകളിലും കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കണം. മംഗലാപുരം-തിരുവനന്തപുരം റൂട്ടിൽ പുതിയ ഒരു ട്രെയിൻ അനുവദിച്ചാൽ ഒരു പരിധിവരെ യാത്രാക്ലേശം പരിഹരിക്കാൻ കഴിയും. മംഗലാപുരം-ഷൊർണ്ണൂർ പാതയുടെ ഇരട്ടിപ്പിക്കൽ, റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി തുടങ്ങിയവ അടിയന്തിരമായി പൂർത്തീകരിക്കണം. ആർ.ഒ.ബി.കൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം. പ്ലാറ്റ്ഫോമുകളിൽ മേൽപ്പുര നിർമ്മിക്കണം. റെയിൽവേ സ്റ്റേഷനുകളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കണം. റിസർവേഷനുമായി ബന്ധപ്പെട്ടുള്ള അഴിമതി തടയാൻ നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് ഇത്തരം കാര്യങ്ങൾ പരിഹരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : റെയിൽവേയുമായി ബന്ധപ്പെട്ട വിഷയം സഭ പ്രത്യേകമായി ചർച്ച ചെയ്യേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കാനിരിക്കുന്ന സമയത്ത് ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് ഉചിതമാണ്. സംസ്ഥാനത്തിന് റെയിൽവേയുടെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയും കേന്ദ്ര മന്ത്രിസഭയിൽ കൂടുതൽ മലയാളി പ്രാതിനിധ്യവും ഉള്ളതുകൊണ്ട് വളരെയേറെ പ്രതീക്ഷയാണ് സംസ്ഥാനത്തിനുള്ളത്. ഇപ്രാവശ്യത്തെ ബഡ്ജറ്റ് കേരളത്തിനോടുള്ള അവഗണനയ്ക്കുള്ള ഒരു പ്രായശ്ചിത്തം കൂടിയായിരിക്കും. മുഖ്യമന്ത്രിയും സംസ്ഥാന റെയിൽവേ മന്ത്രിയും

കേരളത്തിൽനിന്നുള്ള എം.പി.മാരും ചേർന്ന് വിശദമായി ചർച്ച ചെയ്ത് ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. തെക്കേ ഇന്ത്യയിൽ റെയിൽവേ സോണിന്റെ ആസ്ഥാനം ഇല്ലാത്ത ഏക സംസ്ഥാനം കേരളമാണ്. കേന്ദ്ര റെയിൽവേ ബഡ്ജറ്റ് അലോക്കേഷൻ തരുന്നത് പൂർണ്ണമായും റെയിൽവേ സോണുകളിൽക്കൂടിയായതിനാൽ കേരളത്തിന് അർഹമായ പരിഗണന ലഭിക്കുന്നില്ല. കേരളം ആസ്ഥാനമായി ഒരു പെനിൻസുലർ സോൺ അനുവദിക്കുകയും രണ്ടായിരം കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാണ് കേരളത്തിന്റെ ആവശ്യം. പാത ഇരട്ടിപ്പിക്കലും ഇലക്ട്രിഫിക്കേഷനും പൂർത്തിയായാലേ സബർബൻ ട്രെയിൻ സംവിധാനം നിലവിൽവരികയുള്ളൂ. കേരളത്തിന് 169 കോടി രൂപയാണ് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെങ്കിൽ അത് 500 കോടി രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് പുതിയ ആവശ്യം. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി എന്നിവയ്ക്ക് 1000 കോടി രൂപയെങ്കിലും ഈ ബഡ്ജറ്റിൽ വകയിരുത്തേണ്ടതുണ്ട്. കൊല്ലം-ചെങ്കോട്ട പാത ബ്രോഡ്ഗേജാക്കി മാറ്റുന്നതിനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 300 കോടി രൂപ വേണ്ടിവരും. ഇനി പൂർത്തിയാകാനുള്ള 9 റെയിൽവേ മേൽപ്പാലങ്ങൾ. അംഗീകരിച്ച് കേരള സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന് 100 കോടി രൂപ വായ്പ നൽകിയാൽ പണി പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണ്. ഗുരുവായൂർ-താനൂർ, അങ്കമാലി-ശബരി എന്നീ പുതിയ ലൈനുകൾക്കും സർവ്വേ പൂർത്തിയായ നഞ്ചൻകോട്-നിലമ്പൂർ, തലശ്ശേരി-മൈസൂർ, റെയിൽവേ ലൈനുകൾക്കും സർവ്വേ നടത്താൻ തീരുമാനിച്ച കാഞ്ഞങ്ങാട്-

പാലത്തൂർ, ഇടപ്പള്ളി-ഗുരുവായൂർ, കൊല്ലങ്കോട്-തൃശ്ശൂർ റെയിൽവേ ലൈനുകൾക്കും അങ്ങാടിപ്പുറം-കോഴിക്കോട്, പത്തനംതിട്ട-പുനലൂർ-തിരുവനന്തപുരം എന്നീ പാതകളുടെ സർവ്വേയ്ക്കും ഈ വർഷത്തെ ബഡ്ജറ്റിൽ വിഹിതം ഉൾപ്പെടുത്തേണ്ടതാണ്. ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോർ, ഡെഡിക്കേറ്റഡ് ഹൈ സ്പീഡ് കോറിഡോർ എന്നീ കേന്ദ്ര വികസന പദ്ധതികളിൽ കേരളത്തെ കൂടി ഉൾപ്പെടുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. പാലക്കാട് റെയിൽവേ സോൺ വെട്ടിമുറിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കും. മലബാറിൽ സർവ്വീസ് നടത്തുന്ന പത്ത് പാസഞ്ചർ ട്രെയിനുകളുടെ സമയം പുന:ക്രമീകരിക്കുന്നതും മാവേലി എക്സ്പ്രസ്സിൽ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് റെയിൽവേ അധികാരികളുമായി ചർച്ച ചെയ്യുന്നതാണ്.

**സബ്മിഷൻ**

(1) <u>സ്വാതന്ത്ര്യ സമര സേനാനികളുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്</u>

<u>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്</u>: ജീവത്യാഗം ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതർക്കും ജീവിച്ചിരിക്കുന്ന സേനാനികൾക്കും അവരുടെ ആശ്രിതർക്കും മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിലും പ്രദേശങ്ങളിലും സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ തേടിയാൽ അതിന് റീ-ഇമ്പേഴ്സ്മെന്റ്, നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി. <u>(ശ്രീ വി.എസ്. അച്ചുതാനന്ദൻ)</u>: നിലവിലുള്ള നിയമ പ്രകാരം സർക്കാർ ആശുപത്രികളിലെ ചികിത്സക്ക് സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്. സർക്കാർ ജീവനക്കാരുടെ ചികിത്സാ സഹായം സംബന്ധിച്ച് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള അതേ മാനദണ്ഡങ്ങൾ

തന്നെയാണ് സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും ബാധകമാക്കിയിട്ടുള്ളത്. സ്വാതന്ത്ര്യ സമര സേനാനികളുടെ അടിസ്ഥാന പെൻഷൻ 1-4-08 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി. അടിസ്ഥാന പെൻഷൻ 30 ശതമാനം ഡി.എ.യും നൽകി വരുന്നുണ്ട്.. വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ സർക്കാർ ഡോക്ടറുടെ റഫറൻസോടു കൂടി സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികളിലെ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പു ഡയറക്ടറുടെ പ്രത്യേക ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളിൽ അയവു വരുത്തി ചികിത്സ ചെലവിന് റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നുണ്ട്.

(2) <u>കുരുമുളക് പുനരുദ്ധാരണ പദ്ധതി</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ഇടുക്കി ജില്ലയിലെ കുരുമുളക് കർഷകർക്ക് സ്പൈസസ് ബോർഡ് വഴി നടപ്പാക്കുന്ന കുരുമുളക് പുനരുദ്ധാരണ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അവരുടെ കൈവശഭൂമിക്ക് പൊസഷൻ സർട്ടിഫിക്കറ്റ് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ.മുല്ലക്കര രത്നാകരൻ)</u>: ഇടുക്കി ജില്ലയിലെ കുരുമുളക് പുനരുദ്ധാരണ പദ്ധതി നാഷണൽ ഹോർട്ടികോർപ്പ്സ് മിഷൻ കേന്ദ്ര സർക്കാർ സ്ഥാപനമായ സ്പൈസസ് ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇടുക്കി ജില്ലയിൽ ഭൂരിപക്ഷം കർഷകർക്കും പട്ടയം ലഭ്യമായിട്ടില്ലാത്തതിനാൽ കരം അടച്ച രസീത് ഹാജരാക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ സ്പൈസസ് ബോർഡ് കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടു. എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ പൊസഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയാത്ത സാഹചര്യമാണു

ള്ളതെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. കർഷകർക്ക് ആനുകൂല്യം കിട്ടാൻ തടസ്സമാകുന്ന സാഹചര്യമുണ്ടാകുന്നെങ്കിൽ ഇക്കാര്യം റവന്യൂ വകുപ്പുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(3) മൺപാത്ര നിർമ്മാണത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. എ.കെ. ചന്ദ്രൻ : മൺപാത്ര നിർമ്മാണത്തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : 3-12-2008-ന് റവന്യൂ-തദ്ദേശസ്വയംഭരണം-വ്യവസായം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാന പ്രകാരം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ തയ്യാറാക്കിയ കളിമണ്ണ് ലഭ്യമാകുന്ന പ്രദേശങ്ങളുടെ പട്ടിക അംഗീകരിച്ച് സർക്കാർ നിഷ്ക്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രസ്തുത പ്രദേശങ്ങളിൽനിന്ന് ഓട്, ഇഷ്ടിക, പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായം എന്നിവയ്ക്ക് ആവശ്യമായ കളിമൺ ഖനനത്തിന് അനുമതി നൽകികൊണ്ട് 7-2-2009-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കളിമൺ ഖനനത്തിന് അനുമതി നൽകേണ്ടതാണെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇപ്പോൾ അനുമതി നൽകിവരുന്നുണ്ട്. അതുപ്രകാരം മൺപാത്ര നിർമ്മാണ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് തടസ്സം കൂടാതെ കളിമണ്ണ് ലഭ്യമാകുന്നതാണ്.

(4) നെച്ചൂർക്കടവ് പാലത്തിന്റെ പണി

ശ്രീ. എം. ജെ. ജേക്കബ് : 2005-ൽ തുടങ്ങിയതും രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കേണ്ടതുമായ നെച്ചൂർക്കടവ് പാലത്തിന്റെ പണി പില്ലർ ചരിഞ്ഞു പോയതിനെത്തുടർന്ന് നിറുത്തിവച്ചിരിക്കുകയാണ്. വീണ്ടും ഡിസൈൻ അപ്രൂവ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതുകൊണ്ട് പണി പൂർത്തിയാക്കു ന്നതിന് നിശ്ചയിച്ചിരുന്ന കാലപരിധി കഴിഞ്ഞതിനാൽ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ട് കോൺട്രാക്ടർ ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിരി ക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി വിളിച്ച യോഗത്തിൽ റേറ്റിൽ ചില മാറ്റങ്ങൾ വരുത്താൻ കോൺട്രാക്ടറോട് നിർദ്ദേശിക്കാമെന്നും അത് നടന്നില്ലെങ്കിൽ വർക്ക് റീടെണ്ടർ ചെയ്യാമെന്നും ധാരണയായിട്ടുണ്ട്. അടിയന്തിരമായി ഈ പാലത്തിന്റെ പണി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ഗവൺമെന്റ് വിളിച്ച യോഗത്തിൽ പ്രവൃത്തി ഏറ്റെടുത്തിരുന്ന കമ്പനി ഉയർന്ന നിരക്ക് ആവശ്യപ്പെട്ടെങ്കിലും ചട്ടപ്രകാരം റേറ്റ് വർദ്ധിപ്പിച്ച് കൊടുക്കാൻ കഴിയാത്ത തിനാൽ അവശേഷിക്കുന്ന പണിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യപ്പെ ട്ടതനുസരിച്ച് 360 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇപ്പോൾ ഗവൺമെന്റിന് ലഭി ച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് എത്രയുംവേഗം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കും.

(5)സർക്കാർ സ്കൂളുകളിലെ ഡിവിഷനുകളിലെ വർദ്ധനവ്

ശ്രീമതി കെ. കെ. ലതിക : കുറ്റ്യാടി ഗവൺമെന്റ് ഹൈസ്ക്കൂളിൽ 27 ഡിവിഷൻ വേണ്ട സ്ഥാനത്ത് 20 ഡിവിഷനാണുള്ളത്. 8-ഉം 9-ഉം ക്ളാസ്സുകളിൽ അറുപതിലധികം കുട്ടികളുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഡിവിഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ താൽക്കാലിക തസ്തിക അനുവദിച്ച് പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിന നുസരിച്ച് കെ.ഇ.ആർ. അനുശാസിക്കുന്ന അധിക തസ്തികകൾ അനുവദിക്കാൻ 17-08-2005 മുതൽ തസ്തിക നിരോധനം നിലനിൽക്കു കയാണ്. ഇത് സംസ്ഥാനത്തെ നൂറുകണക്കിന് സ്കൂളുകളിൽ ശരിയായ നിലയിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് തടസ്സമാകുന്നു. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞാൽ തസ്തിക റദ്ദാക്കുകയും വിദ്യാർത്ഥിക ളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് തസ്തിക സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് തുടർന്നിരുന്നത്. വിദ്യാർത്ഥികളുടെ എണ്ണത്തിനനു സരിച്ച് തസ്തിക വർദ്ധിപ്പിക്കുന്നതിന് നയപരമായ തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് വൈകാതെ പുറപ്പെടുവിക്കു ന്നതാണ്.

(6) സി. എച്ച്. സി.-യുടെ ശോചനീയാവസ്ഥ

ശ്രീ. അടൂർ പ്രകാശ് : കോന്നിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ഡോക്ടർമാരുടെ ഏഴ് തസ്തികകളാണുള്ളതെങ്കിലും നിലവിൽ അവിടെ ഒരു സിവിൽ സർജനും എൻ.ആർ.എച്ച്.എം.-ൽ നിന്നുള്ള

രണ്ട് ഡോക്ടർമാരുമാണുള്ളത്. നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് തുടങ്ങി നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ഓരോ ദിവസവും എഴുന്നൂറിൽപ്പരം രോഗികൾ ചികിൽസയ്ക്കായി വരുന്നുണ്ട്. ബ്ളോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അവിടെ കിടത്തി ചിൽസ ആരംഭിച്ചു. 13-06-2009-ൽ ഡി.വൈ.എഫ്.ഐ.യുടെ നേതൃത്വത്തിൽ നടന്ന അക്രമ പ്രവർത്തനത്തെത്തുടർന്ന് അവിടെ വർക്ക് ചെയ്തിരുന്ന ഡോക്ടർ രാജിവച്ചുപോകുകയും 26-6-2009-ൽ വീണ്ടും ഒരു ഡോക്ടറെ നിയമിച്ചെങ്കിലും ചാർജ് എടുത്ത ദിവസംതന്നെ പ്രസ്തുത ഡോക്ടർ അവധിയിൽ പ്രവേശിക്കുകയുമാണുണ്ടായത്. പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. .കെ. ശ്രീമതി ടീച്ചർ)</u> : കോന്നി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു സിവിൽ സർജനും അഞ്ച് അസിസ്റ്റന്റ് സർജനുമുൾപ്പെടെ ആറ് ഡോക്ടേഴ്സിന്റെ തസ്തികയുള്ളതിൽ ഒരു സിവിൽ സർജന്റെ പോസ്റ്റിൽ മാത്രമാണ് ഇപ്പോൾ ഡോക്ടറുള്ളത്. ബാക്കി അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ വേക്കൻസിയുണ്ട്. അഞ്ചുപേരിൽ ഒരാൾ പഠനാവധിക്ക് അപേക്ഷിച്ചു. മറ്റ് നാലുപേർ അംഗീകാരമില്ലാത്ത അവധിയിലാണ്. അവിടെ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കാം. മുമ്പുണ്ടായിരുന്ന ഡോക്ടർക്കുനേരെ അക്രമം ഉണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്രമം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കും. ഐ.പി. വിഭാഗത്തിന്റെ പ്രവർത്തനത്തിന് നേരിട്ട തടസ്സം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(7) <u>കരിങ്കയം പാലത്തിന്റെ  പുനർനിർമ്മാണം.</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u> 2006-ലെ കാലവർഷക്കെടുതിയിൽ ഒഴുകിപ്പോയ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കരിങ്കയം പാലം പുനർനിർമ്മിക്കുന്നതിനായി പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയിൽ നിന്നും 20 ലക്ഷം രൂപ അനുവദിക്കണം. പണി പൂർത്തീകരിക്കാനാവശ്യമായി വരുന്ന ബാക്കി തുക എം.എൽ.എ. ഫണ്ടിൽ നിന്ന് നൽകുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് കുറുപ്പംപുഴയ്ക്ക് കുറുകെ കരിങ്കയം പാലം നിർമ്മിക്കുന്നതിന് 3.5 കോടി രൂപ ചെലവു വരുമെന്നാണ് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളത്. നടപ്പാത പുതുക്കിപ്പണിയാൻ വിവിധ വകുപ്പുകൾ ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. 20 ലക്ഷം രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) <u>വടകരയിലെ ആഗ്മെന്റേഷൻ ഓഫീസ്</u>

<u>ശ്രീ. എം.കെ. പ്രേംനാഥ്:</u> വാട്ടർ അതോറിറ്റിയുടെ വടകരയിലെ ആഗ്മെന്റേഷൻ ഓഫീസ് അവിടെത്തന്നെ നിലനിറുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: വടകരയിൽ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, വാട്ടർ സപ്ളൈസ്, വെള്ളക്കരം എടുക്കൽ തുടങ്ങിയവയ്ക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത വിധത്തിലുള്ള ക്രമീകരണങ്ങൾ വാട്ടർ അതോറ്റിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ സപ്ളൈ ആഗ്മെന്റേഷൻ സബ് ഡിവിഷനും വാട്ടർ സപ്ളൈ പ്രോജക്ട് സബ്

ഡിവിഷനുമാണ് വടകരയിൽ നിലവിലുള്ളത്. കുന്നുമ്മേൽ, നാദാപുരം, കുറ്റ്യാടി പ്രദേശങ്ങളിലെ പുതിയ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി വടകര ആഗ്മെന്റേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറേയും അസിസ്റ്റന്റ് എൻജിനീയറേയും ചുമതലപ്പെടുത്തുന്നതാണ്. നിലവിൽ വടകര പ്രദേശത്ത് അറ്റകുറ്റപ്പണികൾ ചെയ്യുന്ന വടകര സെക്ഷനും കുന്നുമ്മേൽ, നാദാപുരം, കുറ്റ്യാടി പ്രദേശങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്ന പുറമേരി സെക്ഷനാഫീസും അതുപോലെ നിലനിർത്തുന്നതാണ്. യുഡിസ്മാറ്റ് പദ്ധതിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആഗ്മെന്റേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ പ്രോജക്ട് നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(9) <u>നഴ്സുമാരുടെ എണ്ണം വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. എ.സി. മൊയ്തീൻ:</u> 29-6-06-ൽ ഡി.എച്ച്.എസ്. ഇറക്കിയ ഉത്തരവുപ്രകാരം വടക്കാഞ്ചേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഉണ്ടായിരുന്ന പതിനെട്ട് നേഴ്സുമാരുടെ തസ്തികയിൽ പത്ത് എണ്ണം വെട്ടിക്കുറച്ച പ്രശ്നത്തിൽ ആരോഗ്യവകുപ്പുമന്ത്രി ഇടപെട്ട് നഴ്സുമാരുടെ എണ്ണം കൂട്ടിത്തരാമെന്ന് സമ്മതിച്ചെങ്കിലും രണ്ടു വർഷമായിട്ടും നടപടിയുണ്ടായില്ല. നഴ്സുമാരുടെ അംഗസംഖ്യ പുന:സ്ഥാപിക്കുകയും മന്ത്രിയുടെ ഉത്തരവ് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> വടക്കാഞ്ചേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ താൽക്കാലികമായി 18 പേർ ജോലി ചെയ്യുന്നുണ്ട്. സ്ഥിരമായി കിട്ടേണ്ട

പത്തു നഴ്സുമാരെ അനുവദിക്കാത്തതിന് ഉത്തരവാദി ആരാണെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) സബ്സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്തൽ

ശ്രീമതി ജെ. അരുന്ധതി: 2005-ൽ അംഗീകാരം കിട്ടിയ വാമനപുരം മണ്ഡലത്തിലെ പൊന്നമ്പി സബ് സ്റ്റേഷന്റെ പണി എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട്, പുല്ലമ്പാറ, മാണിക്കൽ, നല്ലനാട് എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പൊന്നമ്പിയിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആറ്റിങ്ങൽ 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് പത്തര കിലോമീറ്റർ 33 കെ.വി. ലൈൻ വലിക്കണം. പ്രസ്തുത പദ്ധതിക്ക് 5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആറ്റിങ്ങലിൽ നിന്നുള്ള 33 കെ.വി. ലൈൻ വലിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കേസ്സുകൾ പരിഹരിക്കുന്നതിനും ലൈൻ നിർമ്മാണം പൂർത്തീകരിക്കുന്നതിനും എം.എൽ.എ.-യുടെ ഇടപെടൽ ഉണ്ടാകണം. സെപ്റ്റംബർ മാസത്തോടുകൂടി പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(11) സ്പിരിറ്റ് കടത്തും വ്യാജ മദ്യവിതരണവും

ശ്രീ. ബി. ബാബുപ്രസാദ്: സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകൾ മുഖേന സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നതിനും വ്യാജമദ്യവിതരണം വ്യാപകമാക്കുന്നതിനും ഉത്തരവാദികളായവരെ ഗുണ്ട ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): അബ്കാരി രംഗത്തെ ക്രിമിനലുകൾക്കെതിരെ ഗുണ്ട നിയമപ്രകാരം നടപടി സ്വീകരിക്കണമെന്ന് എക്സൈസ് വകുപ്പിന് നിർദ്ദേശം നൽകുകയും അപ്രകാരമുള്ള ലിസ്റ്റ് കാലാകാലങ്ങളിൽ ബന്ധപ്പെട്ടവർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം ജില്ലകളിലെ അബ്കാരി കുറ്റവാളികളുടെ ലിസ്റ്റ് ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സ്പിരിറ്റ്, വ്യാജ മദ്യം, കഞ്ചാവ്, ബ്രൗൺ ഷുഗർ എന്നിവ കൈവശം വയ്ക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതോടൊപ്പം, അടുത്ത കാലത്ത് സ്വീകരിച്ച നടപടികൾ ത്വരിതപ്പെടുത്തി ഓണക്കാലത്ത് മറ്റ് അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(12) അദ്ധ്യാപക നിയമനം

ശ്രീ. പി.കെ. അബ്ദുറബ്ബ്: ഹൈസ്ക്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഹൈസ്ക്കൂളുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി അപ്ഗ്രേഡ് ചെയ്ത മഞ്ചേരി നിയോജകമണ്ഡലത്തിലെ യു.പി. സ്ക്കൂളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): നാല് അദ്ധ്യാപകർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ 30-06-09-ന് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(13) <u>മലപ്പുറം ജില്ലയിലെ കവർച്ച ശ്രമം</u>

<u>ശ്രീ. എ.പി. അനിൽകുമാർ:</u> വണ്ടൂർ നിയോജകമണ്ഡലത്തിലെ പുളിയക്കോട് ശ്രീലക്ഷ്മിയിൽ താമസിക്കുന്ന ലക്ഷ്മിയമ്മയേയും മകൻ സുനിൽരാജിനേയും ഒരുസംഘം ആളുകൾ വീട്ടിൽക്കയറി ആക്രമിക്കുകയും വീട് തകർത്ത് മോഷണ ശ്രമം നടത്തുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും മലപ്പുറം ജില്ലയിൽ വ്യാപകമായി നടക്കുന്ന മോഷണശ്രമങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ രാത്രികാല പട്രോളിംഗ് ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ശ്രീ. സുനിൽരാജിന്റെ പരാതി പ്രകാരം വണ്ടൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പെരിന്തൽമണ്ണ ഡിവൈ.എസ്.പി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വണ്ടൂർ സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. വിരലടയാള വിദഗ്ദ്ധൻ, ഫോട്ടോഗ്രാഫർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി രേഖാചിത്രം തയ്യാറാക്കി സമാനരീതിയിലുള്ള കുറ്റകൃത്യങ്ങളിലേർപ്പെട്ടിട്ടുള്ളവരെപ്പറ്റി അന്വേഷണം നടത്തി പ്രതികളെ പിടികൂടാനുള്ള ഊർജ്ജിത ശ്രമം നടന്നുവരികയാണ്. മലപ്പുറം ജില്ലയിലെ താനൂർ, കുളത്തൂർ എന്നീ സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട രണ്ട് കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല കമ്പ്യൂട്ടർ സെന്ററിന്റെ സേവനംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് അന്വേഷണം ഊർജ്ജിതമായി നടത്തുന്നതിന് ജില്ല പോലീസ് സൂപ്രണ്ടിന് നിർദ്ദേശം കൊടുക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന-

കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം (116,77,35,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (584,97,31,000 രൂപ)

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ ജോർജ് മേഴ്സിയർ, വർക്കല കഹാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബി. ബാബു പ്രസാദ്, എം. മുരളി, എം.എ. വാഹീദ്, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, വി.ഡി. സതീശൻ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, കെ.കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, പി.കെ. അബ്ദു റബ്ബ്, സി.ടി. അഹമ്മദ് അലി, കെ. കുട്ടി അഹമ്മദ് കുട്ടി, എം. ഉമ്മർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ജോർജ് മേഴ്സിയർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി കേരളത്തിന് അനുവദിച്ച പ്ലാൻഫണ്ടിൽ നിന്ന് വളരെക്കുറച്ച് തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും കെ.എസ്.ഇ.ബി. യുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. 70,000 കോടി രൂപയുടെ കാർഷിക കടം എഴുതിത്തള്ളിയ .കേന്ദ്ര നടപടി കേരളവും മാതൃകയാക്കേണ്ടതാണ്. കേന്ദ്രം പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്ന തിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാൻ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥർ കേരളത്തിൽ ഉണ്ടാകേണ്ടതാണ്. കൃഷിക്കാർക്കുള്ള വിത്ത് വിതരണത്തിൽ വന്ന അഴിമതിയെക്കുറിച്ച് പരിശോധിക്കണം. കൃഷിയിടങ്ങളിൽ സീസൺ ആരംഭിക്കുന്നതിനുമുമ്പ് മോട്ടോർ പമ്പും മറ്റും ശരിയാക്കാത്തതിനാൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളൊഴിവാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ പി.എഫ്-.ൽ തിരിമറി നടക്കുകയാണ്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ക്കരാറിന്മേൽ കാലാവധി കഴിഞ്ഞ് രണ്ടുവർഷമായിട്ടും നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ഈ ഗവൺമെന്റ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സ്മാർട്ട് സിറ്റി പദ്ധതിയും വിഴിഞ്ഞം പദ്ധതിയും എങ്ങുമെത്തിയിട്ടില്ല.

ശ്രീ. സി. കെ. പി. പത്മനാഭൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക രംഗത്തും സഹകരണ രംഗത്തും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കിക്കൊണ്ട് രാജ്യത്തിനാകെ മാതൃകയാകുന്ന

തരത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ഇൻഡ്യയിലാദ്യമായി കർഷക ആത്മഹത്യ പൂർണ്ണമായി തടയാൻ സാധിച്ചതും കാർഷിക കടം പരിപൂർണ്ണമായി ഇല്ലാതാക്കാനുള്ള നയം സ്വീകരിച്ചതും സ്വകാര്യ പണമിടപാടുകാരിൽ നിന്ന് കൃഷിക്കാർക്ക് മോചനം നൽകുന്ന കടാശ്വാസ നയം കൊണ്ടുവന്നതും പലിശ രഹിത വായ്പ നൽകിയതും ഒരു കിലോ നെല്ലിന് 11 രൂപ വില നൽകിയതും കർഷകന് 300 രൂപ പെൻഷൻ പ്രഖ്യാപിച്ചതും കർഷകന് ഒരു ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതും നെൽ-വയൽ സംരക്ഷണ നിയമം പാസ്സാക്കിയതും പ്രകൃതിക്ഷോഭത്തിൽ നഷ്ടം സംഭവിച്ചവർക്ക് കേന്ദ്രം നഷ്ടപരിഹാരം നൽകാതിരിക്കുമ്പോഴും 12,000 രൂപ നഷ്ടപരിഹാരം നൽകിയതും മുളച്ച നെല്ല് സംഭരിച്ചതും കൊയ്യുന്നതിന് അരിവാൾതൊട്ട് ആധുനിക യന്ത്രങ്ങൾ വരെ ഉപയോഗിക്കാൻ നയമുണ്ടാക്കിയതും സ്കൂൾ തൊട്ട് പാടത്തും പറമ്പത്തും വരെ പച്ചക്കറി കൃഷിക്ക് പരിശ്രമിച്ചതും സംസ്ഥാനത്തിനാവശ്യമായ പാലും മുട്ടയും ഇവിടെത്തന്നെ ഉൽപാദിപ്പിക്കുന്നതിന് നയമുണ്ടാക്കിയതും നാളി കേര കർഷകരെ സംരക്ഷിക്കാൻ 35 കോടി രൂപ നികുതി വേണ്ടെന്ന് വച്ചതും കൃഷിയോട് മുഖം തിരിഞ്ഞുനിന്ന കേരളീയ സമൂഹത്തെ പാടത്തിറക്കാൻ പരിശ്രമിച്ചതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. സഹകരണ രംഗത്ത് ഏറ്റവുംകൂടുതൽ നിക്ഷേപം സ്വീകരിച്ച സംസ്ഥാനമായി കേരളം മാറിയിരി ക്കുകയാണ്. 47,827 കോടി രൂപയുടെ നിക്ഷേപം സ്വീകരിക്കാൻ സാധിച്ചു. നാല് ശതമാനം പലിശ നിരക്കിലുള്ള വായ്പ പച്ചക്കറിക്കൃഷിക്കും പലിശ രഹിത വായ്പ നെൽക്കൃഷിക്കും കൊടുക്കാനും കടത്തേക്കാൾ പലിശ ഈടാക്കാത്ത നയമുണ്ടാക്കാനും കേരളത്തിന് സാധിച്ചു. ദേശീയ

തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളവരിൽ 22 ലക്ഷം ആളുകൾക്ക് മാത്രമാണ് നൂറുദിവസം തൊഴിൽ ലഭിച്ചത്. കാർഷിക രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങളാണ് കേരളം കൈവരിച്ചതെങ്കിലും. കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നയമല്ല കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കൊപ്ര സംഭരണം നവംബർ മാസത്തിൽ ആരംഭിച്ച് ഏപ്രിൽ മാസത്തിൽ അവസാനിപ്പിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ അതിനുള്ള നയം നടപ്പാക്കാതെ ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി കുത്തക മുതലാളിമാർക്ക് 7100 കോടി രൂപയുടെ ചുങ്കം ഇളവുചെയ്ത് കൊടുത്തിരിക്കുന്നു. ഇൻഡ്യയിലെ ഭക്ഷ്യഎണ്ണക്കുരുക്കൾക്ക് അത്രയും തുക കൊടുത്താൽ അതിന്റെ വില ഇരട്ടിയാവുകയും അതുവഴി ഉല്പാദനം വർദ്ധിക്കുകയും ഒരു വർഷംകൊണ്ട് ഭക്ഷ്യ എണ്ണയുടെ പ്രതിസന്ധിക്ക് പരിഹാരമാവുകയും ചെയ്യും. കർഷകരെ സഹായിക്കുന്നതിനുപകരം ഭക്ഷ്യ എണ്ണ പ്രതിസന്ധിയുടെ മറവിൽ ആഗോള കുത്തകകളേയും ഇൻഡ്യൻ കുത്തകകളേയും രക്ഷിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കൊപ്രയുടെ ജലാംശത്തിന്റെ അളവ് ആറ് ശതമാനമെന്നത് 6.10 ശതമാനമാക്കി മാറ്റി കൊപ്ര സംഭരിക്കുന്നതിനും സംസ്ഥാന വ്യാപകമായി പച്ചത്തേങ്ങ സംഭരിക്കുന്നതിനുമുള്ള നടപടികളെടുക്കണം. ആസിയൻ കരാറിൽ ഒപ്പുവയ്ക്കുന്ന നയം അടിയന്തിരമായി തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം. പാലിന് 20 രൂപ മിനിമം വില നിശ്ചയിക്കണം. കശുവണ്ടിക്ക് കിലോഗ്രാമിന് 50 രൂപ കിട്ടിക്കൊണ്ടിരിക്കുന്നത് 90 രൂപയാക്കി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി.എഫ്. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക രംഗത്ത് ഉല്പാദനം, ഉല്പാദനക്ഷമത, കൃഷിഭൂമിയുടെ വിസ്തൃതി, കാർഷിക വളർച്ചാ നിരക്ക് തുടങ്ങിയ മേഖലകളിൽ ഗണ്യമായ കുറവ് സംഭവിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിളയായ തെങ്ങ്, ഭക്ഷ്യവിളയായ നെല്ല് എന്നിവയുടെയും റബ്ബറിന്റെയും ഉൽപ്പാദനവും കുറഞ്ഞിരിക്കുന്നു. കാർഷിക മേഖലയുടെ പുരോഗതിക്കാവശ്യമായ നടപടി സ്വീകരിക്കണം. ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതിക്കുവേണ്ടി 36 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി 18 പദ്ധതികൾ അംഗീകരിച്ചതിൽ വെറും 3 പദ്ധതി കൾക്ക് മാത്രമാണ് ഭരണാനുമതി കൊടുത്തിട്ടുള്ളത്. ഭക്ഷ്യ സുരക്ഷ പദ്ധതിക്ക് കൂടുതൽ പ്രാമുഖ്യം നൽകി ഭക്ഷ്യക്ഷാമം പരിഹരിക്കാൻ നടപടി യുണ്ടാകണം. കൊപ്ര സംഭരണത്തിലെ പാളിച്ച ഒഴിവാക്കണം. പച്ചത്തേങ്ങ സംഭരിക്കാൻ നടപടി സ്വീകരിക്കണം. നാളികേരക്കൃഷിയെ സംരക്ഷിക്കാ നുള്ള പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കണം. തെങ്ങിനെ ബാധിക്കുന്ന രോഗത്തെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കർഷകർക്ക് ആവശ്യത്തിന് വളം ലഭിക്കുന്നില്ലെന്നുമാത്രമല്ല ലഭിക്കുന്ന വളം തമിഴ്നാട്ടിൽ കരിഞ്ചന്തയിൽ വിൽക്കുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. നെല്ലിന്റേയും നാളികേരത്തിന്റേയും മറ്റ് കാർഷികോൽപ്പന്നങ്ങളുടേയും വിലത്തകർച്ചമൂലം കർഷകർ വായ്പ എടുക്കാൻ പോലും ഭയപ്പെടുന്നു. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില ലഭ്യമാക്കുന്നത് നാലും അഞ്ചും മാസങ്ങൾക്കുശേഷമാണ്. കാർഷിക മേഖലയിലുള്ള ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. ചന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും നിമിത്തം മരവിച്ചുനിന്നിരുന്ന സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കുകളിലേയും കാർഷിക വികസന ബാങ്കുകളിലേയും അഴിമതിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും വിജിലൻസ് അന്വേഷണവും വകുപ്പുതല അന്വേഷണവും നടത്താൻ തീരുമാനിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാലക്കുടി നിയോജകമണ്ഡലത്തിലെ അർബൻ സഹകരണ ബാങ്കിൽ അഴിമതി കണ്ടെത്തിയപ്പോൾ ഭരണ സമിതിയിലുണ്ടായിരുന്ന പ്രസിഡന്റിനെത്തന്നെ അഡ്ഹോക് കമ്മിറ്റി കൺവീനറാക്കി നിശ്ചയിച്ചുവെങ്കിലും ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തപ്പോൾ അഡ്ഹോക് കമ്മിറ്റിയെപ്പോലും പിരിച്ചുവിടാനുള്ള നടപടിയെടുത്തത് ശ്രദ്ധേയമാണ്. ബഹുമുഖവും ജനോപകാരപ്രദവുമായ പദ്ധതികളാവിഷ്ക്കരിക്കുകയും ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ജനകീയ വിശ്വാസ്യത നേടിയെടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളിലെ നിക്ഷേപത്തിലെ വർദ്ധനവ് തന്നെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു എന്നതിന് സ്പഷ്ടമായ തെളിവാണ്. ചരിത്രത്തിലാദ്യമായി 27,540 കോടി രൂപ നിക്ഷേപ മാർഗ്ഗത്തിലൂടെ സ്വരൂപിക്കാൻ കഴിഞ്ഞു. സംസ്ഥാനത്ത് വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് സഹകരണ മേഖലയിൽനിന്നുള്ള പണം പരമാവധി ഉപയോഗപ്പെടുത്താനും വികസന പ്രവർത്തനങ്ങൾ സഹകരണ മേഖലയുടെ പങ്കാളിത്തത്തോടെ

സജീവമായി മുന്നോട്ടുകൊണ്ടുപോകാനും കഴിയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കർഷക ആത്മഹത്യകൾ നിത്യസംഭവമായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ നിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് 50,000 രൂപ ധനസഹായം നൽകുകയും കർഷകരുടെ എല്ലാ കടങ്ങളും എഴുതിത്തള്ളാൻ തീരുമാനിക്കുകയും ചെയ്തു. കാർഷിക മേഖലയിൽ ഇച്ഛാശക്തിയോടുകൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി ക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കാർഷിക മേഖലയിൽ നാല് ശതമാനം പലിശയ്ക്കും നെൽകൃഷി മേഖലയിൽ പലിശ രഹിതമായും വായ്പ നൽകുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് മെച്ചപ്പെട്ട സാധ്യതകൾ ഒരുക്കി. നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 9 രൂപയായിരു ന്നത് 11 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി ഏറ്റെടുക്കുന്നതിനും പണം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരി ച്ചത് സ്വാഗതാർഹമാണ്. എല്ലാ കാർഷിക വിളകൾക്കും തറവില നിശ്ചയി ക്കണം. കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതു വഴി വയനാട് ജില്ല യിലെ കർഷകരുടെ കടം മുഴുവൻ എഴുതിത്തള്ളുന്നതിനും മറ്റു ജില്ലക ളിലേയ്ക്കും കൂടി കാർഷിക കടാശ്വാസ പദ്ധതി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. നെൽവയൽ നീർത്തട സംരക്ഷണനിയമം കർശനമായും നടപ്പിലാക്കണം. പ്രകൃതി ക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യഥാസമയം നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നൽകാൻ ആവശ്യമായ ധനസഹായം നേടിയെ

ടുക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. 'എല്ലാവരും പാടത്തേയ്ക്ക്' എന്ന പദ്ധതിയിലൂടെ തരിശ് ഭൂമിയിൽ പുതുതായി കൃഷിയിറക്കുന്നതിനും പാടശേഖര സമിതികളുടേയും മറ്റും കൂട്ടായ്മയോടെ പദ്ധതി വ്യാപകമാക്കാനും ഗവൺമെന്റ് ശ്രമിക്കുകയാണ്. കിസാൻ ശ്രീ പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ ആസൂത്രണം ചെയ്ത് ഇൻഡ്യയ്ക്ക് തന്നെ മാതൃകാപരമായ നിലയിൽ നടപ്പാക്കി. പച്ചക്കറി ഉൽപാദന മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനും അധിക തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. കൃഷി ചെയ്യാനാവശ്യമായ ജലസേചന സൗകര്യമുണ്ടാക്കുകയും വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം. കൃഷിക്കാരുടെ ഉൽപന്നങ്ങൾ ശേഖരിക്കാനും അവ വിപണനം നടത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുന്ന കർഷകർക്ക് ആനുകൂല്യം നൽകണം. കാർഷിക മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായിട്ടുള്ളവരുടെ ലിസ്റ്റ് പഞ്ചായത്തുകളിൽ ഉണ്ടാക്കണം.

ശ്രീ. വി.സുരേന്ദ്രൻ പിള്ള : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന് കാർഷിക-സഹകരണമേഖലകളിൽ കഴിഞ്ഞ മൂന്നുവർഷം കൊണ്ട് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചു. 'സഹകരണ നിക്ഷേപം കേരളീയം' വഴി സഹകരണ മേഖലയിൽ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഉണ്ടായി. കാർഷിക മേഖലയിൽ 7 ശതമാനമായി പലിശ നിജപ്പെടുത്തി. വിലക്കയറ്റം നിയന്ത്രിക്കാനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനൊപ്പം സഹകരണവകുപ്പും രംഗത്തിറങ്ങി. മാവേലി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സഹകരണ മാവേലി സ്റ്റോറുകൾ അടിയന്തിരമായി

പ്രവർത്തനക്ഷമമാക്കി. നാളികേരത്തിന്റെ വിലത്തകർച്ചയ്ക്ക് ആധാരമായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കണം. പാമോയിൽ ഇറക്കുമതി അവസാനിപ്പിക്കണം. നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് നെൽക്കർഷകരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ആവശ്യമായ അരിയുടെ 80 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങേണ്ടി വരുന്നതുമൂലം കോടിക്കണക്കിന് രൂപ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. ഒരു വർഷം 84 കോടി രൂപയുടെ വയ്ക്കോലും സംസ്ഥാനത്തിന് വാങ്ങേണ്ടിവരുന്നുണ്ട്. ആവശ്യമായ അരിയും വയ്ക്കോലുമൊക്കെ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിച്ചാൽ കോടിക്കണക്കിന് രൂപയുടെ നേട്ടം സംസ്ഥാനത്തിനുണ്ടാകും. പച്ചക്കറി കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിന് ഒരു പ്രത്യേക പാക്കേജിന് രൂപം നൽകണം. കൃഷിഭവനുകൾവഴി വിത്തുകളും തൈകളും തിരുവാതിര ഞാറ്റുവേലക്കാലത്ത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. ആസിയാൻ കരാറിന് പിന്നിൽ ഗൂഢാലോചന നിലനിൽക്കുന്നുണ്ട്. റബ്ബർ കർഷകർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വില നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ സംസ്ഥാനത്ത് സാമ്പത്തികത്തകർച്ച ഉണ്ടാകും. ജനങ്ങളുടെ ക്ഷേമത്തിനും താല്പര്യത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സാധാരണക്കാരുടെയും കർഷകരുടേയും മറ്റിതര ജനവിഭാഗത്തിന്റേയും ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞ മൂന്നുവർഷം കൊണ്ട് ഗവൺമെന്റിന് സാധിച്ചു. വിലക്കയറ്റത്തിന് ആശ്വാസം നൽകി

ക്കൊണ്ട് സഹകരണ മേഖലയിൽ കൺസ്യൂമർ സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും കൂടുതൽ ആരംഭിച്ച് മാതൃകാപരമായ നടപടി സ്വീകരിച്ചു. കൊമേഴ്സ്യൽ ബാങ്കുകളിലെ വായ്പാനുപാതം കുറയുന്ന സാഹചര്യത്തിൽ സഹകരണ മേഖലയിൽ വായ്പാനുപാതം കൂടുകയാണ്. സഹകരണ മേഖലയിലെ നിക്ഷേപം പൊതു വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചു. കാർഷിക രംഗത്ത് സംസ്ഥാനം വലിയ മാതൃകയായി മാറിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന കർഷകർക്ക് പ്രീമിയം അടയ്ക്കാതെ ഒരു ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് പ്രതിമാസം 300 രൂപ പെൻഷൻ നൽകുന്നതിനും പാവപ്പെട്ട കർഷകരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുമുള്ള പദ്ധതി ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാർഷിക മേഖലയിൽ കൂടുതൽ സഹായങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്. സംസ്ഥാനത്തിന് ആവശ്യമായ അരി ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 16000 ഹെക്ടർ തരിശ് ഭൂമിയിൽ നെൽകൃഷി ആരംഭിക്കുകയും 5000 ഹെക്ടർ കരഭൂമിയിൽ നെൽകൃഷി ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. നെല്ല് സംഭരണം വർദ്ധിപ്പിക്കാനും നെൽക്കർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കാനും ബോണസ് നൽകാനും കർഷകരുടെ ഇൻഷ്വറൻസ് പദ്ധതി സുതാര്യമാക്കാനും സംഭരിക്കുന്ന നെല്ലിന് അർഹമായ വില കാലതാമസം കൂടാതെ നൽകാനും ഗവൺമെന്റ് നടപടി സ്വീകരിച്ചു. നെല്ലുൽപ്പാദനത്തിൽ സുപ്രധാന പങ്കു വഹിക്കുന്ന തൃശൂർ ജില്ലയിൽ 1978-ൽ ആരംഭിച്ച വികസന പദ്ധതികളിൽ ബാക്കി നിൽക്കുന്ന 6 പദ്ധതികൾ

അടിയന്തിരമായി പൂർത്തീകരിക്കണം. ഒന്നാംഘട്ട കോൾ വികസന പദ്ധതി നടപ്പാക്കുമ്പോൾ കർഷകരിൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ വിലയായ 1.75 കോടി രൂപ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. തൃശൂർ ജില്ലയിൽ പാഡി പേമെന്റ് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. 1987-ൽ നിശ്ചയിച്ച പമ്പിംഗ് സബ്സിഡി വർദ്ധിപ്പിക്കണം. രണ്ടാംവിള വ്യാപകമാക്കുന്ന സാഹചര്യത്തിൽ മൂപ്പ് കുറഞ്ഞ ഗുണമേന്മയുള്ള വിത്ത് കൊടുക്കാനും യന്ത്രവൽക്കരണം നടപ്പാക്കാനും നടപടി സ്വീകരിക്കണം. പൊന്നാനി കോൾമേഖലയുമായി ബന്ധപ്പെട്ട തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ വികസനത്തിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയുടെ ശക്തിസ്രോതസ്സായി മാറിക്കൊണ്ടിരിക്കുന്ന സഹകരണമേഖലയെ പ്രതീക്ഷാനിർഭരമായി വളർത്തിയെടുക്കാൻ ഇടതു പക്ഷമുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മുപ്പതാമത് നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി 4549 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. ആഗോള സാമ്പത്തിക പ്രതിസന്ധി എല്ലാ മേഖലകളേയും ബാധിച്ച സന്ദർഭത്തിൽ സഹകരണ മേഖലയുടെ നിലനിൽപ്പും വളർച്ചയും സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ സഹായിച്ചു. വിലക്കയറ്റം തടയുന്നതിൽ സഹകരണമേഖലയുടെ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 25,000-ത്തോളം വരുന്ന വിലക്കയറ്റ വിരുദ്ധ ചന്തകൾ പ്രവർത്തനക്ഷമമാക്കി. എല്ലാ നിയോജകമണ്ഡലങ്ങളിലും ത്രിവേണി മാവേലി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചു. പ്രാഥമിക സഹകരണസംഘങ്ങൾ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. വായ്പ കുടിശ്ശിക ഇനത്തിൽ 1072 കോടി രൂപ

പിരിച്ചെടുക്കുകയും പലിശ, പിഴപ്പലിശകളിലായി വായ്പക്കാർക്ക് 75 കോടി യിൽപ്പരം രൂപയുടെ ഇളവുകൾ നൽകുകയും ചെയ്തു. വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയ്ക്ക് ശ്രദ്ധേയമായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. പരിയാരം മെഡിക്കൽ കോളേജിന് ആവശ്യമായ സാമ്പത്തിക സഹായം നൽകിയാൽ വിലപ്പെട്ട സംഭാവന നൽകാൻ കഴിയുന്ന ആധുനിക സൗകര്യ ങ്ങളോടുകൂടിയ ഒരു മെഡിക്കൽകോളേജായി ഇതിനെ മാറ്റാൻ കഴിയും. സഹകരണ നിയമഭേദഗതി കാലോചിതമായ മാറ്റങ്ങളോടെ പ്രാവർത്തികമാ ക്കണം. കാർഷിക പരിഷ്ക്കരണ നടപടികളിൽ ഉൽപ്പാദന വർദ്ധനവി നാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കണം. 'എല്ലാരും പാടത്തേയ്ക്ക്' എന്ന മാതൃകാപരമായ പദ്ധതിയിൽ കണ്ണൂരിലെ കാട്ടാമ്പള്ളിയിൽ കൃഷി ചെയ്യാതെ കിടന്ന 200 ഏക്കറിൽ കൃഷി ചെയ്യാനുള്ള ഒരു പരിപാടിക്ക് രൂപം നൽകി. കഴിഞ്ഞ 5 വർഷമായി തരിശായി കിടക്കുന്ന കൈപ്പാട് കൃഷി മേഖലയിൽ പരീക്ഷണം നടത്തുന്ന വിത്തിന് 'ഏഴോം 1' എന്ന് നാമകരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ കുറയ്ക്കാനും ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചുകൊണ്ട് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാനും ആഭ്യന്തര മാർക്കറ്റ് സംരക്ഷിക്കാനും കാർഷിക മേഖലയിൽ അതിന്റെ പ്രതിഫലനമുണ്ടാക്കാനും സാധിച്ചു. വയനാട് ജില്ലയിലെ കർഷകർക്കുവേണ്ടി 'കിസാൻ അഭിമാൻ' എന്ന പെൻഷൻ പദ്ധതി നടപ്പിലാക്കി. നെൽവയൽ നീർത്തട സംരക്ഷണ നിയമം പ്രാവർത്തികമാക്കുന്നതിന് ബഹുജനങ്ങളുടെ സഹകരണം നേടിയെടുക്കണം.

ശ്രീ. പി. കൃഷ്ണപ്രസാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കിയ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളുടേയും തെറ്റായ കാർഷിക നയത്തിന്റേയും പ്രതിഫലനമാണ് കേരള ത്തിലുണ്ടായിട്ടുള്ളത്. കർഷകരുടെ ആത്മഹത്യ ഏറ്റവുമധികമുണ്ടാ യിട്ടുള്ളത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. റബ്ബർ മേഖലയി ലുൾപ്പെടെയുള്ള പിന്നോക്കാവസ്ഥയ്ക്ക് കാരണം കാർഷികോൽപ്പന്ന ങ്ങൾക്ക് മികച്ച വില കിട്ടാത്തതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ 47,000 കോടി രൂപയുടെ നിക്ഷേപ മുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ കയ്യിലുള്ള തുക ഉത്പാദന മേഖലയിൽ നിക്ഷേപിച്ചുകൊണ്ട് കാർഷിക മേഖലയെ ആധുനിക വൽക്കരിക്കാനും വ്യവസായവൽക്കരിക്കാനും സാധിക്കണം. കാർഷികോല്പന്നങ്ങളുടെ വില തകർന്നു എന്നു മാത്രമല്ല കൺസ്യൂമർ ഗുഡ്സിന് വില കൂടുകയും ചെയ്യുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ സ്ഥലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. കൃഷിക്കാരെ നെൽകൃഷിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻവേണ്ടി പലിശ രഹിത വായ്പ കൊടുത്തു. കഴിഞ്ഞ ജൂൺ മാസം വരെ 2,537,000 ക്വിന്റൽ നെല്ല് സംഭരിക്കാനും സംഭരണക്കൂലിയായി 278 കോടി രൂപ നെൽകർഷകർക്ക് കൊടുക്കാനും ബാക്കിയുള്ള 66 ലക്ഷം രൂപ ജൂൺ 30-ന് കൊടുക്കാനും നടപടിയെടുത്തു. നെൽകൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് പതിനായിരം രൂപ വച്ച് നഷ്ടപരിഹാരം കൊടുത്തു. കർഷകകടാശ്വാസ കമ്മീഷൻ വയനാട് ജില്ലയിൽ മാത്രം 41 കോടി രൂപയുടെ കടാശ്വാസം കൊടുത്തു. കർഷകർക്ക് പലിശരഹിത വായ്പ നൽകിയ തുൾപ്പെടെ കാർഷികമേഖലയെ പരിപോഷിപ്പിക്കുന്ന ഒട്ടേറെ നല്ല നടപടികൾ

സ്വീകരിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരുടെ കുത്തക അവസാനിപ്പി ക്കാൻ കഴിഞ്ഞു. 25,000-ത്തോളം സഹകരണ വിലനിയന്ത്രണ ചന്തകൾ അനുവദിച്ചു. വായ്പാ തിരിച്ചടവിന്റെ കുടിശ്ശിക നിവാരണ പ്രവർത്തനത്തിലൂടെ രണ്ടായിരം കോടിയോളം രൂപ സമാഹരിക്കാൻ സാധിച്ചു. കാർഷിക വായ്പയുടെ പലിശ ഏഴ് ശതമാനമായി നിജപ്പെടുത്തി. കാർഷിക മേഖലയിലും സഹകരണ മേഖലയിലും ഫലപ്രദമായി ഇടപെട്ടു കൊണ്ടാണ് സഹകരണ വകുപ്പ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കെ.കെ. ഷാജു</u>:. ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക സഹകരണ മേഖലകൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന സഹായങ്ങൾ കാണാതിരിക്കരുത്. നെൽസംഭരണത്തെത്തുടർന്ന് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക ഇനിയും കൊടുത്തിട്ടില്ല. കുട്ടനാടൻ പാക്കേജിന് വേണ്ടി കേന്ദ്രത്തിൽ നിന്ന് ധനസഹായം അനുവദിച്ചെങ്കിലും തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽ വേ പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തൽ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ആർ-ബ്ലോക്ക്, സി-ബ്ലോക്ക് തോടിന് ആഴംകൂട്ടാനും നടപടി സ്വീകരിച്ചിട്ടില്ല. കുട്ടനാടൻ പാക്കേജിൽ ഓണാട്ടുകരയ്ക്കുവേണ്ടി അനുവദിച്ച 500 കോടി രൂപയുടെ പദ്ധതി നഷ്ടപ്പെടുത്താൻ ഇടയാക്കരുത്.

<u>ശ്രീ. എം.എം. മോനായി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇപ്പോൾ സാമ്രാജ്യത്വ വിടുപണിയാണ് കോൺഗ്രസ്സുകാർ ചെയ്യുന്നത്.നെൽവയൽ-നീർത്തട സംരക്ഷണ നിയമം നിലനിൽക്കേ ഉദ്യോഗ സ്ഥരുടെ ഒത്താശയോടെ നെൽപാടങ്ങൾ നികത്തുന്നതിനെതിരെ സർക്കാർ

കർശന നടപടി സ്വീകരിക്കണം. രാജ്യം മുഴുവനും സ്വകാര്യ മേഖലയുടെ പിന്നാലെ പോകുമ്പോൾ കേരളമാണ് സഹകരണ പ്രസ്ഥാനങ്ങളിലൂടെ സാമാന്യ ജനങ്ങൾക്ക് ആശ്വാസകരമായ ഒട്ടനവധി നടപടികൾ സ്വീകരിച്ചത്. 22,000 കോടി രൂപയായിരുന്ന സഹകരണ മേഖലയിലെ നിക്ഷേപം ഇപ്പോൾ 47,827 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഹകരണ സംഘങ്ങൾക്കെതിരെ നടന്ന പീഡനങ്ങളും പിരിച്ചുവിടലും ഇപ്പോൾ ഇല്ലെന്ന് മാത്രമല്ല ഭൂരിപക്ഷം സംഘങ്ങളുടെ ഭരണവും യു.ഡി.എഫ്.ന്റെ നേതൃത്വത്തിലുള്ള മുന്നണിയുടേതായിട്ടുപോലും സർക്കാർ അതിനെ രാഷ്ട്രീയമായി കാണുന്നില്ല. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ മേഖലയ്ക്ക് ബഡ്ജറ്ററി സപ്പോർട്ട് നൽകാൻ ഗവൺമെന്റ് തയ്യാറാകണം. വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ-സ്വാശ്രയ മുതൽമുടക്കിന് ബദലായി നിന്നുകൊണ്ട് വളരെ ഫലപ്രദമായ ഇടപെടലാണ് സഹകരണ മേഖല നടത്തുന്നത്. സാമൂഹ്യനീതി നടപ്പിലാക്കാൻ കോടിക്കണക്കിന് രൂപയുടെ നഷ്ടം സഹിച്ചുകൊണ്ടാണ് കേപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിൽ പകുതി യിലധികം ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ സമുദ്ധരിക്കുന്നതിനുവേണ്ടി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. സഹകരണ സംഘങ്ങളിൽ കൺകറന്റ് ആഡിറ്റ് കാര്യക്ഷമമാക്കണം. സഹകരണ ജീവനക്കാർക്ക് പെൻഷൻ കിട്ടാത്ത വിധത്തിലുള്ള സമീപനം പെൻഷൻ ബോർഡ് സ്വീകരിക്കുന്നത് ഒഴിവാക്കണം. ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണം. സഹകരണ മേഖലയിൽ ഇ.പി.എഫ്.ന്റെ സംരക്ഷണമില്ലാത്തതുകൊണ്ട് ഇ.പി.എഫ്. ട്രസ്റ്റ് രൂപീകരിക്കപ്പെടുക എന്ന

നിയമ സാധുതയോടുകൂടിയുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചാൽ മാത്രമേ അവർക്ക് സെക്ഷൻ 80 സി പ്രകാരമുള്ള ഇൻകം ടാക്സ് ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യം പരിശോധിക്കണം.

ശ്രീ. യു. സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ സ്ഥാപനങ്ങളിലെ കളക്ഷൻ ഏജന്റുമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. സംസ്ഥാന-ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണം. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന വസ്തു പണയ വായ്പയിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് 2004-ൽ ഗഹാൻ പദ്ധതി നടപ്പിൽ വന്നെങ്കിലും അതിന്റെ പരിധിയിൽ അർബൻ സഹകരണ സംഘങ്ങൾ ഉൾപ്പെടാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ കാർഷികമേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. കർഷക ആത്മഹത്യകൾ നിർബാധം തുടർന്നുകൊണ്ടിരിക്കുന്നു. നെൽവയൽ കൊയ്യാൻ ആളില്ലാതെ കർഷകർ വിഷമിക്കുന്ന അവസരത്തിൽ കൊയ്ത്തുയന്ത്രം ഇറക്കുന്നത് തടസ്സപ്പെടുത്താതിരിക്കാൻ നടപടി സ്വീകരിക്കണം. വിവിധ സ്ക്കീമുകൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായം സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടില്ല. രാഷ്ട്രീയ കൃഷി വിജ്ഞാൻയോജനയുടെ രൂപരേഖ ഇതുവരെ തയ്യാറാക്കിയിട്ടില്ല. രോഗങ്ങൾ വന്ന് കൃഷിനാശം സംഭവിച്ചതിലൂടെ അടയക്ക, നാളികേര കർഷകരുടെ ഭാവി ഇരുളടഞ്ഞതായിരിക്കുന്നു. കർഷകർക്ക് ആശ്വാസം നൽകാനായി പുതിയ കണ്ടുപിടിത്തങ്ങളൊന്നും കാർഷിക ഗവേഷണ കേന്ദ്രം നടത്തുന്നില്ല. പച്ചത്തേങ്ങ സംഭരിക്കുന്ന പരിപാടിയുടെ ഗുണം കർഷകർക്ക് ലഭിച്ചിട്ടില്ല. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന

തൈകൾ ഗുണനിലവാരമില്ലാത്തതാണ്. വളം യഥാസമയം ലഭിക്കുന്നില്ല. പലിശരഹിത കാർഷികവായ്പ നൽകാനും ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതി പുന:സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കണം. കോൾകർഷകർക്ക് ഗുണമേൻമയുള്ള വിത്തുകൾ യഥാസമയം വിതരണം ചെയ്യണം. നാളികേര സംഭരണ കേന്ദ്രം ഓരോ പഞ്ചായത്തിലും ആരംഭിക്കണം. നാഫെഡ് കൊപ്ര മാത്രം സംഭരിക്കുന്ന സമ്പ്രദായത്തിന് മാറ്റം വരുത്തണം. വിത്തുതേങ്ങയുടെ വില വർദ്ധിപ്പിക്കണം. രോഗം വന്ന് നശിച്ച തെങ്ങുകൾ റീ-പ്ലാന്റ് ചെയ്യാനാവശ്യമായ സാമ്പത്തിക സഹായം നൽകണം. കോഴിക്കോടുള്ള നാളികേര കോംപ്ലക്സ് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് സംവിധാനമുണ്ടാക്കണം. കൃഷിഭവനിലെ ജീവനക്കാരുടെ കുറവ് നികത്തണം. കോഴിക്കോട് പ്രവർത്തിച്ചിരുന്ന സംഘമൈത്രിയുടെ ഔട്ട്ലെറ്റിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിലയിരുത്തണം. കിസാൻ അഭിമാൻ പദ്ധതിയിലൂടെ നൽകുന്ന പെൻഷൻ തുക 300 രൂപയിൽ നിന്ന് ആയിരം രൂപയാക്കി വർദ്ധിപ്പിക്കാനും 10 സെന്റ് ഭൂമി എന്ന പരിധി ഒരു ഏക്കറായി ഉയർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കർഷകർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയുടെ തുക അവർക്ക് നേരിട്ട് കൊടുക്കുന്ന സംവിധാനമുണ്ടാക്കണം. കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ബാബു പോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് കാർഷിക-സഹകരണ മേഖലയിൽ വൻനേട്ടങ്ങളാണുണ്ടാക്കിയിട്ടുള്ളത്.കർഷകരെ ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ച് കൃഷി അവരുടെ ജീവിതമാർഗ്ഗമാക്കി മാറ്റുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു. നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പാഡി ബോർഡ് രൂപീകരിക്കുകയും പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും ചെയ്തു. കർഷക പെൻഷൻ വർദ്ധിപ്പിക്കുകയും കർഷകർ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്തു. കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ അഗ്രോ മെഷിനറി കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, ഓയിൽ പാം, ഫാമിംഗ് കോർപ്പറേഷൻ എന്നിവയുടെ ലാഭം വർദ്ധിപ്പിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, നടുക്കര അഗ്രോ പ്രോസസ്സിംഗ് കമ്പനി എന്നിവയെ ലാഭത്തിലെത്തിക്കാനും സാധിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയ്ക്ക് നൽകിവന്നിരുന്ന ഗ്രാന്റിൽ വെട്ടിക്കുറവ് വരുത്തിയതുമൂലം ആ സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. 128 കോടി രൂപയുടെ ബാദ്ധ്യതയുള്ള ഈ സർവ്വകലാശാലയുടെ അക്കാഡമിക് കാര്യക്ഷമത വർദ്ധിപ്പിക്കാനും ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനും ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും അദ്ധ്യാപകർ, ഗവേഷകർ എന്നിവരുടെ ഒഴിവുകൾ നികത്താനും അദ്ധ്യാപകർക്ക് വർദ്ധിച്ച വേതനം നൽകാനും ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക നൽകാനും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികളെടുക്കണം. കാലാനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിക്കണം. കാർഷിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക-ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമായി കാർഷിക സർവ്വകലാശാല സമർപ്പിച്ച പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള

നടപടികൾ സ്വീകരിക്കണം. സഹകരണ മേഖലയെ അഴിമതി രഹിതമാക്കുകയും കാർഷിക വായ്പകൾക്കുള്ള പലിശ കുറയ്ക്കുകയും കാർഷിക വായ്പകൾ എഴുതിത്തള്ളുകയും നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുകയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടികളെടുക്കുകയും ചെയ്തു. പലിശ സബ്സിഡിയും പ്രൊഡക്ഷൻ ഇൻസെന്റീവും ഏർപ്പെടുത്തിയാൽ കൃഷിക്കാർക്ക് സഹായക മാകുന്നതോടൊപ്പം വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശികകൾ കുറച്ചുകൊണ്ടു വരാനും കഴിയും. സഹകരണ സംഘങ്ങളിലെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിന്റെ കാര്യത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കാത്ത ബോർഡുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. പ്രൈമറി സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് അധിക നിക്ഷേപം നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നതരത്തിലുള്ള ഒരു കൺസോർഷ്യത്തെക്കുറിച്ച് ആലോചിക്കണം. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഇൻകം ടാക്സും സർവ്വീസ് ടാക്സും ഏർപ്പെടുത്താനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ഇവയുടെ പ്രവർത്തനത്തെ ദുർബലപ്പെടുത്തും. കാർഷികോല്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോൾ അവ സംഭരിക്കുന്നതിലും സംസ്ക്കരിക്കുന്നതിലും വിപണനം നടത്തുന്നതിലും വലിയ പങ്ക് വഹിക്കേണ്ട മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സംഘങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള നടപടികളുണ്ടാകണം. എൻ.സി.ഡി.സി-യുടെ വായ്പാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയും വായ്പയെടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നിൽക്കുകയും വേണം. മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സംഘങ്ങൾക്ക് മാത്രമായി രജിസ്ട്രാർ ഓഫീസിൽ ഒരു പ്രത്യേക വിംഗ് തുറന്നു പ്രവർത്തിപ്പിക്കാനും ഇത്തരം

സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തി അവയെ റിവൈവ് ചെയ്യുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കാനുമുള്ള നടപടികളെടുക്കണം. ഡിഫങ്ടായി കിടക്കുന്ന എസ്.സി/എസ്.ടി. സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും അർബൻ ബാങ്കുകളുടെ അപ്പെക്സ് ബോഡി രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികളെടുക്കണം. എൻ.ആർ.ഐ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് ആർ.ബി.ഐ. ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളിൽ മാറ്റം വരുത്തുകയോ എൻ.ആർ.ഐ. കോർപ്പറേഷൻ ലിമിറ്റഡ് എന്ന പുതിയ സഹകരണ സ്ഥാപനത്തിന് രൂപംകൊടുക്കുകയോ വേണം. ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കണം. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് അവർക്ക് ട്രെയിനിംഗ് കൊടുക്കുകയും കൂടുതൽ പ്രൊഫഷണൽസിനെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരികയും ജീവനക്കാരുടെ സർവ്വീസ് മാത്രം പരിഗണിക്കാതെ കഴിവ് കൂടി കണക്കിലെടുത്ത് അവർക്ക് പ്രൊമോഷൻ നൽകുന്ന സമ്പ്രദായം നടപ്പിലാക്കുകയും വേണം.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മൂന്നു വർഷത്തെ സ്തുത്യർഹമായ പ്രവർത്തനത്തിലൂടെ കാർഷിക മേഖലയിലും സഹകരണ മേഖലയിലും വമ്പിച്ച നേട്ടമുണ്ടാക്കാൻ സാധിച്ചു. കിസാൻശ്രീ, കിസാൻ അഭിമാൻ, എല്ലാരും പാടത്തേയ്ക്ക് തുടങ്ങിയ പദ്ധതികളിലൂടെ കൃഷിക്കാരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. 60 വയസ്സിനുമേൽ പ്രായമുള്ള കൃഷിക്കാർക്ക് 300 രൂപ പെൻഷൻ, അവരുടെ

പെൺമക്കളുടെ വിവാഹ ധനസഹായമായി 25,000 രൂപവരെയുള്ള പദ്ധതി എന്നിവ നടപ്പിലാക്കി. നെൽക്കൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കാൻ കഴിഞ്ഞതിലൂടെ ഒരു ലക്ഷം ടൺ നെല്ല് കഴിഞ്ഞ വർഷം അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. നെല്ലിന്റെ താങ്ങുവില 11 രൂപയാക്കി വർദ്ധിപ്പിച്ചു. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി വൻതോതിൽ കൃഷി നാശമുണ്ടായ സാഹചര്യത്തിൽ ഉയർന്ന തോതിലുള്ള സഹായം കർഷകർക്ക് നൽകി. 169 ഗ്രാമങ്ങളിലായി 900 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭി ച്ചതിലൂടെ 15000 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. കേരഫെഡ്, വെയർഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. കേന്ദ്ര സർക്കാർ നിബന്ധന അനുസരിച്ചുള്ള ഭക്ഷ്യ സുരക്ഷ പദ്ധതി പ്രാവർത്തികമാക്കിയാൽ കേരളത്തിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കേന്ദ്രം സംസ്ഥാനത്തിനു നൽകുന്ന സൗജന്യ ങ്ങൾ നിറുത്തലാക്കിയാൽ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, സാമൂഹ്യ ക്ഷേമ വകുപ്പിനുകീഴിലുള്ള ആയിരക്കണക്കിന് സ്ഥാപനങ്ങൾ എന്നിവിടങ്ങ ളിലെ അന്തേവാസികളെ ദോഷകരമായി ബാധിക്കും. കുടിശ്ശിക പിരി ച്ചെടുക്കുകയും ഭരണച്ചെലവ് കുറയ്ക്കുകയും സാമ്പത്തിക അച്ചടക്കം പാലി ക്കുകയും ചെയ്തതിലൂടെ സഹകരണ പ്രസ്ഥാനത്തെ കാര്യക്ഷമമാക്കാൻ കഴിഞ്ഞു. സഹകരണ മേഖലയിലെ അഴിമതി ഇല്ലാതാക്കി. സഹകരണ ബാങ്കുകളുടെ ഡെപ്പോസിറ്റ് കമേഴ്സ്യൽ ബാങ്കുകളുടെ ഡെപ്പോസിറ്റിനോ ടൊപ്പം എത്തിക്കാൻ സാധിച്ചു. കാർഷിക മേഖലയുടെ പുരോഗതിക്കും വളർച്ചയ്ക്കും സഹകരണ രംഗത്തെ ഡെപ്പോസിറ്റിനെ ഉപയോഗ പ്പെടുത്തണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനു വേണ്ടി ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു. ഹൈറേഞ്ച് മേഖലയിൽ

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കാൻ നടപടിയുണ്ടാകണം. 'സഹകരണ വിപണനം കേരളീയം' പരിപാടിയുടെ ഭാഗമായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആഘോഷ വേളകളിൽ ചന്തകൾ ആരംഭിച്ചതിലൂടെ നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിറുത്താൻ സാധിച്ചു. കൂടുതൽ ചന്തകൾ തുടങ്ങി സാധനങ്ങളുടെ വില സ്ഥിരമായി പിടിച്ചുനിറുത്തണം. കഴിഞ്ഞ കാലങ്ങളിൽ നിന്നു വ്യത്യസ്തമായി സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. എം. മുരളി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സഹകരണ പാക്കേജിനോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിഷേധാത്മക നിലപാട് പുന:പരിശോധിക്കണം. കാർഷിക മേഖലയിലെ വളർച്ചാ നിരക്ക് ഓരോ വർഷവും കുറഞ്ഞുവരുന്നതായാണ് ഇക്കണോമിക് റിവ്യൂ ചൂണ്ടിക്കാണിക്കുന്നത്. കാർഷികോൽപാദനവും ഉൽപാദനക്ഷമതയും കൃഷിയിടങ്ങളുടെ വിസ്തൃതിയും കുറയുകയും കാർഷിക മേഖല തകരുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. കേന്ദ്ര പദ്ധതികളോടുള്ള നിഷേധാത്മക നിലപാട് ഉപേക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. തദ്ദേശഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണം. കൃഷി-റവന്യൂ-വ്യവസായ വകുപ്പുകളുടെ സംയുക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എട്ട് ജില്ലകളിലെ പതിനായിരക്കണക്കിന് ഏക്കർ നെൽപാടങ്ങളിൽനിന്നും കളിമൺ ഖനനത്തിന് അനുമതി നൽകിയതിലൂടെ കേരള നെൽവയൽ-നീർത്തട

സംരക്ഷണ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചുവെങ്കിലും സംഭരണം കേരഫെഡിനെ മാത്രം ഏൽപ്പിച്ചതുകൊണ്ട് പദ്ധതി പ്രാവർത്തിക മായിട്ടില്ല. കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന കേര കർഷകർക്ക് ആശ്വാസമാകുമായിരുന്ന സംഭരണ വില പ്രഖ്യാപനത്തെ തകർത്ത നടപടി പുന:പരിശോധിക്കണം. വിശ്വസനീയമായ രീതിയിൽ പ്രവർത്തിക്കുന്നതും നാഫെഡ് അംഗീകരിക്കുന്നതുമായ ഏജൻസികളെക്കൂടി പച്ചത്തേങ്ങ സംഭരണം ഉൾപ്പെടെ ഏൽപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. പ്രായമായ തെങ്ങ് മുറിച്ച് മാറ്റി പുതിയ തെങ്ങ് വയ്ക്കുന്നതിനുള്ള പ്രഖ്യാപനം സംസ്ഥാന ബഡ്ജറ്റിലുള്ളത് കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ 2500 കോടി രൂപയുടെ പാക്കേജും ഉണ്ടായിരുന്നുവെങ്കിലും പദ്ധതി നടപ്പിലാക്കാൻ യാതൊരു മുൻകരുതലും സ്വീകരിക്കാത്ത സമീപനമാണുള്ളത്. കശുമാവ് കൃഷിക്കാർക്ക് ഭൂപരിധി ഇളവ് അനുവദിക്കണം. കുരുമുളക് കർഷകർക്കുള്ള 240 കോടിരൂപയുടെ പാക്കേജും നടപ്പാക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സ്പൈസസ് പാർക്ക് രൂപീകരിക്കണം. കുട്ടനാട് പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിന് പ്രോസ്പെരിറ്റി കൗൺസിലിനോടൊപ്പം ഇംപ്ലിമെന്റിംഗ് കമ്മിറ്റിയും രൂപീകരിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി തയ്യാറാക്കി കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇംപ്ലിമെന്റിംഗ് ആഫീസറായി ഒരു സീനിയർ ഗവൺമെന്റ് സെക്രട്ടറിയെ നിയോഗിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ 'സീഡ് വില്ലേജ്' സ്കീം യാഥാർത്ഥ്യമാക്കിക്കൊണ്ട് കർഷകർക്ക് സബ്സിഡി നൽകണം. ജൈവക്കൃഷി പ്രോത്സാഹിപ്പിക്കാൻ നൽകുന്ന ജൈവവളം പരിശോധനയ്ക്ക്

വിധേയമാക്കണം. നെല്ലിന്റെ സംഭരണ വില കർഷകരുടെ അക്കൗണ്ടിൽ നൽകാൻ നടപടികൾ സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. ജി. സുധാകരൻ): ഭരണ-പ്രതിപക്ഷ ഭാഗത്തുനിന്നുമുണ്ടായ ക്രിയാത്മകമായ വിമർശനങ്ങളേയും സ്വാഗതം ചെയ്യുന്നു. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ കുട്ടനാടൻ മേഖലയിൽ 50 ലക്ഷം രൂപ മുടക്കി ഒരു ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോർ കൂടി ഈ വർഷം ആരംഭിക്കും. മലയോര മണ്ഡലങ്ങളിൽ 11 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കും. ത്രിവേണി സ്റ്റോറുകളിലൂടെയുള്ള വിൽപ്പന വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. ജൂലൈ-ആഗസ്റ്റ് മാസങ്ങളിലായി പതിനാല് ജില്ലാ കേന്ദ്രങ്ങളിൽ പത്ത് ദിവസം നീണ്ടുനിൽക്കുന്ന സഹകരണ-വിപണന മേളകൾ സംഘടിപ്പിക്കും. ഓണക്കാലത്ത് 5000 സഹകരണ-വിപണന കേന്ദ്രങ്ങൾ തുറക്കും. 140 നിയോജകമണ്ഡലങ്ങളിലും സഹകരണ-വിപണന മേളകളിലൂടെ 32 ഇനം നിത്യോപയോഗ സാധനങ്ങൾ വില കുറച്ചു കൊടുക്കുന്ന പദ്ധതി വരുന്ന ഡിസംബറിൽ നടപ്പിലാക്കും. ത്രിവേണി-നീതി സ്റ്റോറുകളിലൂടേയും നീതി മെഡിക്കൽ സ്റ്റോറുകളിലൂടേയും നിലവിലുള്ള വിലയിൽ നിന്നും 2 ശതമാനം കുറച്ച് സാധാരണക്കാർക്കും 3 ശതമാനം കുറച്ച് എസ്.എസി/എസ്.ടി വിഭാഗക്കാർക്കും ജൂലായ് മാസത്തിൽ നിത്യോപയോഗസാധനങ്ങളും മരുന്നുകളും നൽകും. അഡ്വാൻസായി പണം അടയ്ക്കുന്നവർക്ക് ഒരു വർഷം വാങ്ങിക്കുന്ന സാധനങ്ങൾക്ക് നിലവിലുള്ള കുറഞ്ഞ വിലയിൽ നിന്നും 25 ശതമാനം വില കൂടി കുറച്ച് സാധനങ്ങൾ നൽകാനുള്ള പദ്ധതി ആവിഷ്ക്കരിക്കും. കൺസ്യൂമർ ഫെഡിനെ ആധുനികവൽക്കരിക്കും മികച്ച കൺസ്യൂമർ ഫെഡിന് ഒരു ലക്ഷം രൂപയുടെ

‘അടുക്കളയുടെ നക്ഷത്രം’ എന്ന പുരസ്ക്കാരം നൽകും. മൊബൈൽ സ്റ്റോറുകൾ ആരംഭിക്കും. മൽസ്യത്തൊഴിലാളി സഹകരണ സംഘത്തിന് കുറഞ്ഞ നിരക്കിൽ കൺസ്യൂമർ ഫെഡിൽ നിന്നും സാധനങ്ങൾ നൽകാൻ അനുവാദം നൽകും. കയർത്തൊഴിലാളികൾക്കായി പ്രത്യേക നീതി വിൽപന കേന്ദ്രങ്ങൾ കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തും. ജൂലൈ-ആഗസ്റ്റ് മാസത്തിനുള്ളിൽ പുതിയ 30 ത്രിവേണി നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ തുറക്കാൻ സാധിക്കും. ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ 2 ലക്ഷം രൂപ വരെയുള്ള ലോണിന് ഡിസംബർ മാസം വരെ മൊറട്ടോറിയം പ്രഖ്യാപിക്കും. വായ്പ തിരിച്ചടച്ചവരുടെ പ്രമാണം ഒരു മാസത്തിനുള്ളിൽ തിരിച്ച് നൽകാനുള്ള. നടപടി സ്വീകരിക്കും. പ്രമുഖ സാഹത്യകാരന്മാരുടെ അവകാശികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാംസ്ക്കാരിക സാഹിത്യ സംഗമം സംഘടിപ്പിക്കാനും അവരുടെ ഗ്രന്ഥങ്ങൾ എസ്.പി.സി.എസ്.-ന് നൽകാനും വേദിയൊരുക്കും. 2009-10 വർഷം എസ്.പി.സി.എസ് വർഷമായി ആചരിക്കാൻ ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സെക്ടറിൽ 36 കോടി രൂപയുടെ 19 പ്രത്യേക വികസന- പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കുട്ടനാട്ടിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട 3 ജില്ലകളിൽ പ്രത്യേക ഡി.സി.ബി. ശാഖകൾ തുറന്ന് കർഷകർക്ക് നേരിട്ട് വായ്പ കൊടുക്കാനുള്ള അനുവാദം നൽകും ബൈലാ അനുസരിച്ച് പ്രവർത്തിക്കാത്ത 21 സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളെ സാധാരണ സൊസൈറ്റികളാക്കി ഉത്തരവിറക്കിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ ഡെപ്പോസിറ്റ് സ്കീമിന് ഇൻഷ്വറൻസ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നടീൽ -കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്നതിന് 25 ശതമാനം സബ്സിഡി നൽകും.

സി.ഡി. റേഷ്യോ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഡെപ്പോസിറ്റിന്റെ 92 ശതമാനത്തിലേറെ വരുന്ന തുക വായ്പയായി കൊടുത്തിട്ടുണ്ട്. കിട്ടാക്കടം 15 ശതമാനമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. വായ്പ കുടിശ്ശിക പിരിച്ചെടുക്കൽ നടപടി ശക്തിപ്പെടുത്തും. കൃത്യമായി വായ്പ അടയ്ക്കുന്നവർക്ക് പലിശയുടെ 5 ശതമാനം ആ വർഷംതന്നെ കുറവ് ചെയ്തുകൊടുക്കാനുള്ള സ്കീം നടപ്പിലാക്കും. എല്ലാവർഷവും രണ്ടു തവണ ആർബിട്രേഷൻ അദാലത്തുകൾ ജില്ലകൾതോറും സംഘടിപ്പിച്ച് എക്സിക്യൂഷൻ നടപടികൾ ശക്തിപ്പെടുത്തും. തലശ്ശേരി, വടകര, പുന്നപ്ര എന്നിവിടങ്ങളിലെ സഹകരണ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ സിവിൽ എഞ്ചിനീയറിംഗ് അടക്കമുള്ള നാല് പ്രധാനപ്പെട്ട കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 34 പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പരിശ്രമം നടക്കുന്നുണ്ട്. നാല് മികച്ച ബിസിനസ്സ് മാനേജുമെന്റ് സ്റ്റഡി ഇൻസ്റ്റിറ്റ്യൂഷൻസ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. 30 ലക്ഷം രൂപ ഇൻവെസ്റ്റ് ചെയ്തുകൊണ്ടുള്ള ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനം പുന്നപ്ര എഞ്ചിനീയറിംഗ് കോളേജ് കോമ്പൗണ്ടിൽ മൂന്നു മാസത്തിനുള്ളിൽ ആരംഭിക്കും. സെൽഫ് ഫൈനാൻസിംഗ് സെക്ടറിൽ ഗവൺമെന്റുകളുടെ തീരുമാനം നടപ്പാക്കുന്ന ശക്തമായ മേഖലയായി 'കേപ്'(Co-operative Accadamy for Professional Education) വളർന്നുകൊണ്ടിരിക്കുകയാണ്. അക്കാഡമിയുടെ 10-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ ആഴിഷ്ക്കരിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ മെരിറ്റിൽ പ്രവേശനം ലഭിക്കുന്ന ഒരു ശതമാനം വിദ്യാർത്ഥികളെ ട്യൂഷൻ ഫീസില്ലാതെയും

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളെ സൗജന്യമായും പഠിപ്പിക്കുന്നതാണ്. എറ്റവും മികച്ചതരത്തിൽ പാസ്സാകുന്ന 30 വിദ്യാർത്ഥി കൾക്ക് ഗോൾഡ് മെഡൽ നൽകുന്നതാണ്. പത്തനാപുരം, പരവൂർ, ആറന്മുള എന്നിവിടങ്ങളിലുളള 'കേപ്പി'ന്റെ സ്ഥലത്ത് പുതിയ എഞ്ചിനീയ റിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖല നൽകിവരുന്ന വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ പുരോഗതി ഉണ്ടായി ട്ടുണ്ട്. 2011 ആകുമ്പോഴേയ്ക്കും 100 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്. സഹകരണ വകുപ്പ് നേടിയ വളർച്ച പ്രതിഫലി പ്പിക്കാനായി ഡിസംബർ മാസം തിരുവനന്തപുരത്ത് സംസ്ഥാന സഹകരണ എക്സിബിഷൻ സംഘടിപ്പിക്കുന്നതാണ്. സംസ്ഥാന ബാങ്ക്, ജില്ലാ ബാങ്ക്, അർബൻ ബാങ്ക്, അഗ്രിക്കൾച്ചർ ഡവലപ്മെന്റ് ബാങ്ക്, കൺസ്യൂമർ ഫെഡ് എന്നിവിടങ്ങളിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കോ-ഓപ്പറേറ്റീവ് ആഡിറ്റ് ജനറലിന്റെ തസ്തിക നിലവിൽ വന്ന സാഹചര്യത്തിൽ ആഡിറ്റ് ജനറൽ ആഫീസ് ഉടൻ ആരംഭിക്കുന്നതാണ്. മഹിളാ സംഘടനകൾ, യുവജന സംഘടനകൾ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ സഹായത്തോടെ മംഗല്യസൂത്ര പദ്ധതി വ്യാപകമാക്കാനും ലോൺ എമൗണ്ട് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കു ന്നതാണ്. രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിച്ച് ഇന്റർനെറ്റ് സൗകര്യമേർപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാക്സ് (പ്രൈമറി അഗ്രിക്കൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി) തുടങ്ങിയ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് എ.ടി.എം,.

ഇ-മെയിൽ സൗകര്യങ്ങൾ നടപ്പാക്കുന്നതാണ്. നിയമവിരുദ്ധമായി പ്രവർത്തിച്ചു വന്നിരുന്ന 4 അർബൻ കോ ഓപ്പറേറ്റീവ് ബാങ്കുകളുടെയും 8 നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവയുടെയും ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ട്. കോ ഓപ്പറേറ്റീവ് നിയമ ഭേദഗതി എത്രയുംവേഗം നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഒരു ഡസൻ വിഷയങ്ങളിൽ എം.എസ്., എം.ഡി. കോഴ്സുകൾ ആരംഭിച്ച് പരിയാരം മെഡിക്കൽ കോളേജിനെ ദേശീയ നിലവാരത്തിലേയ്ക്ക് കൊണ്ടുവരാനും കോളേജ് ഓഫ് മെഡിക്കൽ എക്സലൻസ് ആക്കി മാറ്റാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇടുക്കി, കോട്ടയം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലാ സഹകരണബാങ്കുകളും ഈ ജില്ലയിലുള്ള 50 പാക്സുകളും ചേർന്ന് ശബരിമല സീസണിൽ ഒരു കോടി രൂപ അയ്യപ്പഭക്ത ന്മാരുടെ ക്ഷേമത്തിനുവേണ്ടി ഈ വർഷം വിനിയോഗിക്കുന്നതാണ്. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ പമ്പയിലും സന്നിധാനത്തിലും തുറക്കുന്നതാണ്. രണ്ട് നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ശക്തമാക്കുന്നതാണ്. അയ്യപ്പഭക്തന്മാർക്ക് 14 രൂപയ്ക്ക് അരി കൊടുക്കുന്ന പരിപാടി നടപ്പിലാക്കുന്നതാണ്. ക്യാബിനറ്റ് തീരുമാനപ്രകാരം ഇ.എം.എസ്. ഭവനനിർമ്മാണത്തിനും ലക്ഷംവീട് പുനരുദ്ധാരണത്തിനും ഇറിഗേഷൻ വകുപ്പിനുമായി 4,000 കോടി രൂപ പത്തു വർഷത്തേയ്ക്ക് പത്തു ശതമാനം പലിശയ്ക്ക് കൊടുക്കാനുള്ള തീരുമാനം സഹകരണ വകുപ്പ് എടുത്തിട്ടുണ്ട്. കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിക്കുന്ന കക്കാ സഹകരണസംഘങ്ങൾക്കും കണ്ണൂർ പ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും സഹകരണ ലൈബ്രറികൾക്ക് പുസ്തകം വാങ്ങാനായും ഒരു കോടി രൂപ വീതം ഗ്രാന്റ് അനുവദിക്കുന്നതാണ്. റബ്കോ,

റെയ്ഡ്കോ, മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എസ്.സി/എസ്.ടി. ഫെഡറേഷൻ തുടങ്ങിയ സഹകരണ അപ്പെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രതിപക്ഷവുമായി ആലോചിച്ച് സഹകരണ മേഖലയെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി പഠിച്ച് ഒരു മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരഫെഡിനും മാർക്കറ്റ് ഫെഡിനും കൊപ്ര സംഭരിക്കാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. 2006-ൽ ശ്രീമതി. കെ.ആർ. ഗൗരിയമ്മ കൃഷിവകുപ്പുമന്ത്രിയിരുന്ന സമയത്ത് കേരളത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം 234 ആണെന്നായിരുന്നു കണക്ക്. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങളുടെ കടം എഴുതിത്തള്ളാനും 50,000 രൂപ വീതം സഹായം നൽകാനും തീരുമാനിച്ചപ്പോഴാണ് ആ കണക്ക് ശരിയല്ലെന്ന് ബോധ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ കളക്ടർമാർ, വി.ഇ.ഒ.മാർ, ബന്ധപ്പെട്ട സഹകരണ ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് 1999 മുതൽ 2006 വരെയുള്ള റിക്കാർഡുകൾ പരിശോധിച്ചതിൽ 933 പേർ ആത്മഹത്യ ചെയ്തുവെന്നും അവരെല്ലാം 50,000 രൂപയ്ക്ക് അർഹരാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവരുടെ കടം എഴുതിത്തള്ളാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രദ്ധ കേന്ദ്രീകരിച്ചത് നെല്ലുൽപ്പാദനത്തിന്റെ കാര്യത്തിലാണ്. 2008-09 വർഷത്തിൽ നെല്ലിന്റെ ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും വിസ്തൃതിയിലും

വർദ്ധനവുണ്ടായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളിയിൽ 46 വർഷമായി തരിശായി കിടന്നിരുന്ന 200 ഹെക്ടർ പ്രദേശത്താണ് ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടേയും സംസ്ഥാന ഗവൺമെന്റിന്റേയും സഹകരണ സംഘങ്ങളുടേയും യോജിച്ച പ്രവർത്തനത്തിലൂടെ ആദ്യമായി നെൽവിത്ത് വിതച്ചത്. പത്തനംതിട്ട ജില്ലയിൽ തരിശായി കിടന്നിരുന്ന 1400 ഹെക്ടർ സ്ഥലത്ത് പുതുതായി കൃഷി ചെയ്യുകയും 9461 ടൺ നെല്ല് അധികമായി ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റാണി-ചിത്തിര എന്ന 1200 ഏക്കർ ഭൂമിയിൽ കായൽ കൃഷി ചെയ്യാനായി പ്രത്യേകം പദ്ധതി തയ്യാറാക്കിയാൽ സഹായം നൽകാമെന്ന് ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. തൃശ്ശൂരിൽ ശ്രീരാമൻചിറയിലെ തരിശ് ഭൂമിയിൽ ഗവൺമെന്റ് ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിച്ച് സ്ക്കൂൾ കുട്ടികളുടെയുംകൂടി സഹകരണത്തോടെ കൃഷി ചെയ്യുകയും 60,000 ടൺ നെല്ല് അധികമായി ഉത്പാദിപ്പിക്കുകയും ചെയ്തു. 'എല്ലാരും പാടത്തേയ്ക്ക്' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ഈ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് സഭയിൽ സമർപ്പിക്കുന്നതാണ്. നെല്ലിന് നല്ല വില നൽകാനും നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകാനും കർഷകർക്ക് ഗ്രീൻകാർഡ് കൊടുക്കാനും കുരുത്ത നെല്ലുൾപ്പെടെ സംഭരിക്കാനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. നെല്ലിന്റെ സംഭരണ വില കൂട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്രസംസ്ഥാന പദ്ധതികൾ കൂട്ടിയോജിപ്പിച്ചുകൊണ്ട് തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷം അധിക മായി കൃഷി ചെയ്തത് 13205 ഹെക്ടറിലായിരുന്നുവെങ്കിൽ ഈ വർഷം അത് 20,000 ഹെക്ടറായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ശരാ ശരി പ്രൊഡക്ടിവിറ്റി 4 ടണ്ണിലെത്തിയാൽ ഇപ്പോഴുള്ള വിസ്തൃതികൊണ്ടു

തന്നെ ഇന്നത്തേക്കാൾ 3 ലക്ഷം ടൺ നെല്ല് അധികമായി ഉത്പാദിപ്പിക്കാൻ സാധിക്കും. ആ കാര്യത്തിൽ കാർഷിക യൂണിവേഴ്സിറ്റിയുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും കർഷകന്റെ അറിവിന്റേയും ഏകോപനവും മോണിറ്ററിംഗും ഉണ്ടാകേണ്ടതുകൊണ്ട് ഈ വർഷം അതിനായി ഒരു പ്രത്യേക സംവിധാനമുണ്ടാക്കും. കഴിഞ്ഞ വർഷം രൂപീകരിച്ച റൈസ് മിഷന്റെ പ്രവർത്തനം കുറച്ചുകൂടി വിപുലീകരിക്കും. നെൽകൃഷി മേഖലയിൽ ഉത്പാദന ക്ഷമതയ്ക്ക് പ്രൊഡക്ടിവിറ്റി ബോണസും മികവ് തെളിയിക്കുന്ന നൂറ് യുവകർഷകർക്ക് അവാർഡും ഏർപ്പെടുത്തും. 150 പഞ്ചായത്തുകളിൽ പ്രത്യേകമായി പച്ചക്കറി കൃഷി ആരംഭിക്കാനും അതിലൂടെ എല്ലാ വീടുകളിലും പച്ചക്കറിക്കിറ്റ് എത്തിക്കാനും ശ്രമിക്കും. കേരളത്തിൽ അധികമായി ആവശ്യമുള്ള 50 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഓരോ സ്ക്കൂൾ കുട്ടിക്കും ഓരോ ചെറിയ കിറ്റ് വീട്ടിലെത്തിച്ചുകൊടുത്ത് കൃഷി ചെയ്യിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. 60 വയസ്സ് കഴിഞ്ഞ കർഷകന് 300 രൂപ പെൻഷൻ നൽകുന്ന പദ്ധതി ഇൻഡ്യയിൽ ആദ്യമായി ചിങ്ങം ഒന്നിന് കേരളത്തിൽ നടപ്പാക്കുകയാണ്. കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ഈ വർഷം തന്നെ കാലാവസ്ഥ നിരീക്ഷണ പഠന കേന്ദ്രം ആരംഭിക്കും. കൃഷിഭവനിലൂടെയല്ലാതെ കൃഷിയെ സംബന്ധിക്കുന്ന സന്ദേശങ്ങൾ കർഷകരിൽ എത്തിക്കുന്നതിന് കൃഷിവകുപ്പിന്റെ കീഴിൽ കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ആദ്യപടിയായി കുട്ടനാട്ടിൽ 'റേഡിയോ കുട്ടനാട്' എന്ന നിലയം ഈ വർഷം സ്ഥാപിക്കും. വാഴപ്പഴത്തിന്റെ ലഭ്യതയിൽ സ്വാശ്രയത്വം നേടാനായി 15,000 ഹെക്ടറിൽ ഹോർട്ടി

ക്കൾച്ചർ മിഷൻ വഴി വാഴക്കന്ന് നൽകി വാഴക്കൃഷി പ്രോൽസാഹിപ്പിക്കും. ഈ വർഷംതന്നെ കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നീര ടെക്നോളജി ഉപയോഗിച്ച് നീര ഉൽപ്പാദനം നടത്തുകയും അത് വ്യാപകമാക്കി മാർക്കറ്റ് ചെയ്യുകയും ചെയ്യും. ആറ് പ്രധാനപ്പെട്ട ജില്ലകൾ കേന്ദ്രീകരിച്ച് 13 കോടി രൂപ ചെലവിൽ ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ വഴി പച്ചക്കറികൾ അരിഞ്ഞുതയ്യാറാക്കി നൽകുന്ന 'റെഡി ടു കുക്ക്' എന്ന പുതിയ പരിപാടി ഈ വർഷം നടപ്പാക്കുന്നതാണ്. വയനാട്ടിൽ ഒരു റൈസ് മിൽ സ്ഥാപിക്കും. വെച്ചൂർ റൈസ് മില്ലിന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കും. ആലപ്പുഴ ജില്ലയിൽ ഈ വർഷം തന്നെ ഒരു സീഡ് ബാങ്കും പാഡി മ്യൂസിയവും സ്ഥാപിക്കും. തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിലായി 470 കോടി രൂപയുടെ നാളികേര പുനരുദ്ധാരണ പദ്ധതിക്ക് സി.ഡി.ബി.യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. തേങ്ങയും വെളിച്ചെണ്ണയുമല്ലാതെ നാളികേരത്തിന്റെ മറ്റുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിക്കും രൂപംകൊടുത്തിട്ടുണ്ട്. കൃത്യസമയത്ത് വിത്ത് അല്ലെങ്കിൽ നടീൽവസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം 140 മണ്ഡലങ്ങളിലും ഭക്ഷ്യ സുരക്ഷ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കും. മലബാറിൽ നെൽക്കൃഷിയും പച്ചക്കറികൃഷിയും വ്യാപകമാക്കുന്നതിന് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി വേണ്ട നടപടി സ്വീകരിക്കുന്നതാണ്. മൂന്നാർ ജൈവസോണായി പ്രഖ്യാപിക്കുന്നതോടുകൂടി മൂന്നാർ ബ്രാൻഡ് ഉൽപ്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിൽക്കാൻ സാധിക്കും. അട്ടപ്പാടി ജൈവ മേഖലയായി പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ കോർപ്പറേഷനുകളും ഈ വർഷം ലാഭത്തിലാണ് പ്രവർത്തി

ക്കുന്നത്. കുട്ടനാട് പാക്കേജിന്റെ അംഗീകാരത്തിനുവേണ്ടി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 29-നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.25-ന് പിരിഞ്ഞു.

--------------